SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിന്റെ ജീവവചനം

YESUVINTE JEEVAVACHANAM

Date of Publications : 25.06.2024
RNI Reg. No. KERMAL/2012/42077

PRICE:25/- VOL.NO:12 ISSUE NO:14 JUNE 2024 ANNUAL SUBSCRIPTION Rs. 100/-

## ഐ ബി എഫ് ഫാമിലി

## കോൺഫറൻസ് ജൂലൈ 3 മുതൽ


എൽസൺ എബ്രഹാം


ജസ്റ്റിൻ ജോർജ്ജ്


തോമസ് രാജൻ


സജീവ് വർഗ്ഗീസ്


ജോൺ ഗ്ലോക്ക്


വിജി റോബർസ്


ജോയിസ് റോബർട്ടസ്

ഫാമിലി കോൺഫറൻസ് പ്രഭാഷകർ

**മരിയോൺ:** ഈ വർഷത്തെ Indian Brethen Family Conference ജൂലൈ 3 ബുധൻ മുതൽ 7 ഞായർ വരെ മരിയോൺ ഇന്ത്യൻ വെസ്ലിയൻ യൂണിവേഴ്സിറ്റിയിൽ നടക്കും. യോഹന്നാൻ 8:31-32, തന്നിൽ വിശ്വസിച്ച യെഹൂദന്മാരോട് യേശു: എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും എന്നു പറഞ്ഞു. എന്ന വചനത്തെ ആധാരമാക്കി "ശിഷ്യത്വം" എന്നതാണ് ഈ വർഷത്തെ കോൺഫറൻസിന്റെ തീം. ബ്രദർ വിജി റോബർസ് (കാനഡ), ബ്രദർ തോമസ് രാജൻ (ഡാളസ്) ബ്രദർ ജോൺ ഗ്ലോക്ക് (ഡുബൂക്ക്, ജോയിസ് റോബർട്ടസ്, ജസ്റ്റിൻ ജോർജ്ജ്, എൽസൺ എബ്രഹാം, സജീവ് വർഗ്ഗീസ് എന്നിവരായിരിക്കും മുഖ്യപ്രഭാഷകർ. പുരുഷന്മാർക്കായി ഫെലോഷിപ്പ് മീറ്റിങ്ങുകൾ, വനിതാ കൂട്ടായ്മ യോഗം, കുട്ടികൾക്കായി വി. ബി. എസ്. യുവജന ക്ലാസുകൾ, പ്ലീനറി സെഷനുകൾ എന്നിവയും കോൺഫറൻസിന്റെ ഭാഗമായി നടക്കും. മെയ് മാസം മുതൽ കോൺഫറൻസിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചിരുന്നു.

## സത്യം തിയോളജിക്കൽ സെമിനാരി ക്ലാസുകൾ ആരംഭിക്കുന്നു

**തിരുവല്ല:** സത്യം മിനിസ്ട്രീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന സത്യം തിയോളജിക്കൽ സെമിനാരിയിലേക്ക് അഡ്മിഷൻ ആരംഭിക്കുന്നു. ബാച്ചിലർ ഇൻ തിയോളജി, ഗ്രാജുവേഷൻ ഇൻ തിയോളജി, സർട്ടിഫിക്കറ്റ് ഇൻ തിയോളജി, എന്നീ കോഴസുലാണ് നിലവിലുള്ളത്. കോഴ്സ് ഫീസ്, ഭക്ഷണം താമസം എന്നിവ സൗജ്യമാണ്. കോഴ്സിലേക്ക് ചേരുവാൻ താത്പര്യാമുള്ളവർ ഈ നമ്പറിൽ ബന്ധപ്പെടുക - 9446613555, 9447126182

SATHYAM PUBLICATIONS
SOULS THROUGH GOD'S WORD
THIRUVALLA BANGALORE NEW DELHI
Phone : 9446026182, 9446513555
www.sathyampublications.org

## കലാപഭൂമിയിൽ നിന്നും സ്കൂളിലേക്ക്

### വിശ്വസിക്കാനാവാതെ മണിപ്പൂർ കുട്ടികൾ


മണിപ്പൂർ കുട്ടികളുടെ സ്കൂളിലെ ആദ്യദിനം

**തിരുവല്ല:** മണിപ്പൂരി കുട്ടികൾ വീണ്ടും പഠിക്കുവാനുള്ള അവസരം ലഭിച്ചതോർത്ത് സന്തോഷിക്കുകയാണ്.

മണിപ്പൂർ കലാപത്തെത്തുടർന്ന് ഉറ്റവരെ നഷ്ട്ടമായ 47 കുട്ടികളാണ് ഈ അദ്ധ്യായന വർഷം തിരുവല്ല സെന്റ് തോമസ് ഹയർസെക്കന്ററി സ്കൂളിലേക്ക് പ്രവേശനം നേടിയത്. മണിപ്പൂർ കലാപം രൂക്ഷമായ സാഹചര്യം മുതൽ സത്യം മിനിസ്ട്രീസ് മണിപ്പൂരിൽ രക്ഷാ പ്രവർത്തനങ്ങൾ ചെയ്തിരുന്നു. കുട്ടികൾക്ക് മണിപ്പൂരിൽ തുടർന്നു പഠിക്കുവാനുള്ള സാഹചര്യം ഇല്ലെന്ന് മനസ്സിലാക്കിയതോടെയാണ് കുട്ടികളെ കേരളത്തിലെ സ്കൂളിൽ ചേർത്ത് വിദ്യാഭ്യാസം നൽകാമെന്ന ആശയത്തിലെത്തുന്നത്. ഈ കുട്ടികളെ സന്ദർശിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിശ്വാസികളെ പ്രത്യേകം ക്ഷണിക്കുന്നു. നിങ്ങളുടെ ജീവിതത്തിലെ സന്തോഷ അവസരങ്ങൾ ഇവരോടൊപ്പം ചിലവഴിക്കാൻ ശ്രമിക്കുമല്ലോ! Contact - 9947119040

കുട്ടികളുടെ സംരക്ഷണ ചുമതല ഏറ്റെടുത്തിരിക്കുന്ന സത്യം മിനിസ്ട്രീസിന്റെ നേതൃത്വത്തിൽ കുട്ടികൾ അടിസ്ഥാന പാഠങ്ങൾ പഠിച്ചു തുടങ്ങി.

(തുടർച്ച....പേജ് 7)


**വാട്ട്സ് ആപ്പിൽ ജീവവചനം മാസിക ലഭിക്കാനായി**
ജീവവചനം മാസികയുടെ പി.ഡി.എഫ് വാട്ട്സ് ആപ്പിൽ ലഭിക്കാനായി താഴെ നൽകിയിരിക്കുന്ന നമ്പറിലേക്ക് ഒരു സന്ദേശമയക്കൂ.. തികച്ചും സൗജന്യമായാണ് ഈ പി.ഡി.എഫ് ലഭ്യമാകുന്നത്.
+91 9447126182, +91 9446531555

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL



Join hands to uplift the Children from **Manipur**

If you're interested in sponsoring a child or children, you can take part by filling the below requirements

- [ ] Food Expense Monthly AMOUNT - ________
- [ ] One Time Meal AMOUNT - ________
- [ ] Educational Expense AMOUNT - ________
- [ ] Sponsor a child [ ] Monthly ________ [ ] Annually ________
- [ ] Clothing I would like to donate good cloths for the children/ a child
- [ ] I would like to contribute :

THOTTABHAGOM P.O, THIRUVALLA,KERALA admins@sathyamministry.org
FOR MORE DETAILS 9447126182
VISIT www.sathyam.org

# തലക്കുറി



## സമ്പന്നമായ സഭ

### ബ്രദർ സി.വി. വടവന

**"നീ** സമ്പന്നയാകുന്നു" എന്ന വിശേഷണമാണ് സ്മുർന്ന സഭയ്ക്കു ലഭിച്ചത്. വളരെ കഷ്ടതകൾ അനുഭവിച്ചതും ഇതര സഭകളേക്കാൾ ദരിദ്രയുമായ ഈ സഭയെ സമ്പന്ന എന്നു വിളിക്കുന്നത് എന്തുകൊണ്ടാണ്? സമ്പന്ന എന്ന വാക്കു നമ്മുടെ സ്മൃതിപഥത്തിലേക്കു കൊണ്ടുവരുന്നതു ഭംഗിയായി വസ്ത്രധാരണം ചെയ്തവരേയും, ലോകത്തിന്റെ പ്രതാപങ്ങളൊക്കെ കൈവശം വച്ച് ഉപയോഗിക്കുന്നവരേയുമാകാം. സമ്പത്തിനേക്കുറിച്ചുള്ള നമ്മുടെ സങ്കല്പം തന്നെ വളരെ പാളിച്ചകൾ ഉള്ളതാണ്. മറ്റു സഭകളിൽ തനിക്കു തന്നെ സമ്പന്ന എന്നു തോന്നിയതു ലവോദിക്യ സഭയ്ക്കു മാത്രമാണ്. എന്നാൽ കർത്താവു ആ സഭയെ സംബോധന ചെയ്യുന്നതു നിർഭാഗ്യനും അരിഷ്ടനും, ദരിദ്രനും, കുരുടനും, നഗ്നനും എന്നാണ്. ഒരു മനുഷ്യന് എന്തുണ്ട് എന്നതല്ല; അവൻ എന്താണെന്നുള്ളതിനെ ആശ്രയിച്ചത്രെ അവന്റെ സ്ഥിതി ദൈവം കണക്കാക്കുന്നത്! സ്മുർന്നയിലെ സഭ പീഢ അനുഭവിച്ചതാണ്. നിരവധി കഷ്ടങ്ങളുടെ പട്ടികകളാണ് സ്മുർന്നാസഭയെ സമ്പന്നരുടെ പദവിയിലെത്തിച്ചത്. റോമാനഗരം കത്തിനശിച്ചപ്പോൾ അതിനു അന്നത്തെ ഭരണാധികാരികൾ ക്രിസ്ത്യാനികളെയാണ് പഴിചാരിയത്. തൽഫലമായി നൂറുക്കണക്കിനാളുകൾ സിംഹങ്ങൾക്കിരയാക്കപ്പെട്ടു. മറ്റു ചിലരെ തൂക്കിക്കൊന്നു. വ്യാപാരസ്ഥാപനങ്ങൾ കൊള്ളയടിക്കപ്പെട്ടു. അതുകൊണ്ടു അനേകരും ദരിദ്രന്മാരായിത്തീർന്നു. എന്നാൽ "ഞാൻ നിന്റെ ദാരിദ്ര്യം അറിയുന്നു" എന്നു നമ്മുടെ കർത്താവു പറയുന്നു.

കർത്താവു അവരെ ധൈര്യപ്പെടുത്തുന്നതു ശ്രദ്ധിക്കുക. "നീ സഹിപ്പാനുള്ളത് പേടിക്കേണ്ട; 10 ദിവസം നിങ്ങൾക്കു ഉപദ്രവം ഉണ്ടാകും, മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും. അവർ പരീക്ഷിക്കപ്പെട്ടതുപോലെ എല്ലാ നിലയിലും പരീക്ഷിക്കപ്പെട്ടവനാണ് ഇത് പറയുന്നത്. അവർ ദരിദ്രർ ആയിരുന്നു എങ്കിൽ അവൻ എത്ര അധികം? കുറുനരികൾക്കു കുഴികളും പറവകൾക്കു കൂടും ഉണ്ട്. മനുഷ്യപുത്രനോ തലചായിപ്പാൻ ഇടം ഇല്ല എന്നതായിരുന്നു നമ്മുടെ കർത്താവിന്റെ അനുഭവം.

ദുഃഖത്തിൽ ഇരിക്കുന്നവരെ ആശ്വസിപ്പിപ്പാൻ ചിലർ ആവശ്യമാണ്. എന്നാൽ അതിനേക്കാൾ വിലയേറിയതല്ലയോ "ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തംപരമായി ചെയ്‌വാൻ" കഴിവുള്ളവൻ നമ്മോടുകൂടെയുണ്ടായിരിക്കുക എന്നത്!

അവരുടെ ദാരിദ്ര്യം യഥാർത്ഥത്തിൽ അവരെ സമ്പന്നരാക്കുകയാണ് ചെയ്തത്. ദൈവത്തെ സ്നേഹിക്കുന്നവരുടെ വേദനകളെല്ലാം തന്നെ സ്വർഗ്ഗത്തിൽ ലാഭവിഹിതം ലഭിക്കുന്ന മുതൽമുടക്കുകളാണ്.

വെളിപ്പെടുവാനുള്ള തേജസ്സുമായി താരതമ്യം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ ലഘുവാണ്. ക്രൂശാണ് കിരീടത്തിലേക്കുള്ള പാത എന്ന് ഭക്തന്മാർ ഒരിക്കലും വിസ്മരിക്കാതിരിക്കുക. വ്യക്തിപരമായും സഭയായും നമ്മെക്കുറിച്ച് കർത്താവ് "ഞാൻ നിനക്കു ജീവകിരീടം നല്കും" എന്നു പറയുവാൻ കഴിയുമോ? സ്മുർന്നിയിലെ സഭയ്ക്കുണ്ടായിരുന്ന സമ്പത്തു നമുക്കും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇന്നു നമ്മുടെ ദേശത്ത് ഏതു സഭയെ നോക്കി സ്മുർന്നയ്ക്കുള്ള ആശിർവാദം കൊടുപ്പാൻ കഴിയും? സാക്ഷാൽ ദരിദ്രയായിരിക്കെ സ്വയം ഞാൻ സമ്പന്നായിരിക്കുന്നു എന്നു പറഞ്ഞ ലവോദിക്യ സഭയുടെ സ്ഥാനത്തല്ലെ നമ്മുടെ പല സഭകളും. കർത്താവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ.

**- ചീഫ് എഡിറ്റർ**

---

**ലേഖനം**

**ഐസക് സാമുവേൽ**

## വിജയികൾ

### ആത്മീയ മുന്നേറ്റത്തിന് ഒരു മാർഗ്ഗരേഖ



സഹോദരനോട് എത്രപ്രാവിശ്യം ക്ഷമിക്കണമെന്ന് യേശുവിനോട് ചോദിച്ചപ്പോൾ അവൻ ഒരു രാജാവിൽ നിന്നും വളരെ അധികം പണം കടം വാങ്ങിയ ഒരുവന്റെ കഥ പറഞ്ഞു. (മത്തായി 18:22-35) ഈ രാജാവ് അവനു ഇളച്ചുകൊടുത്തു അവനോടു ക്ഷമിച്ചു. എന്നാൽ അവൻ മടങ്ങിപോകുമ്പോൾ തന്നിൽ നിന്നും ഒരു ചെറിയ ഒരു തുക കടം വാങ്ങിയ വ്യക്തിയോട് ക്ഷമിക്കാത്ത അവനെക്കുറിച്ച് കേട്ടപ്പോൾ ക്ഷമകൊടുക്കാതെ ജയിലിൽ ആക്കി.

**ക്ഷമിക്കായ്ക ഒരു പ്രശ്നമായിരിക്കുന്നത് എന്തുകൊണ്ട്?**

ചിലപ്പോൾ ഒരാൾ ക്ഷമിക്കാതിരിക്കുന്നതിന്റെ കാരണം രണ്ടു കൂട്ടർക്കും വ്യക്തമാകും. തെറ്റു ചെയ്തവന്റെ പേരു പറയുക കൂടാതെ നിക്ഷേധാത്മവികാരങ്ങൾ കുമിളകൾ പോലെ പുറത്തേക്കു വരിക ഒക്കെ ആകാം. എന്നാൽ ചില സാഹചര്യങ്ങളിൽ ക്ഷമിക്കാത്തതിന്റെ കാര്യം പ്രകടമാകില്ല. കാരണം അത് അടിച്ചമത്തപ്പെടികയോ നിരസിക്കപ്പെടുകയോ ചെയ്തിരിക്കാം. ഇത്തരത്തിലുള്ള വികാരങ്ങൾ ആഴമുള്ള വിഷയങ്ങളാണെന്നു ചിന്തിച്ചേക്കാം.

**ക്ഷമ കൊടുക്കാത്തത് ഒരു ബലൂൺ പോലെ :**

ബലൂണിന്റെ ഒരു വശത്തു അമർത്തുമ്പോൾ മറുവശം ഉയർന്നുവരും. ഇത് നമ്മുടെ ജീവിതത്തിന്റെ പ്രതിഫലനമാണ്. ഇത് നന്മയുള്ള ഒരു കാര്യമല്ല. കോപം വച്ചുകൊണ്ടിരിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നില്ല. എഫെസ്യർ 4:31 എല്ലാ കയ്പ്പും കോപവും ക്രോധവും കുറ്റാരവും ദൂഷണവും സകല ദുർഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകട്ടെ. എബ്രയാർ 12:15 ആരും ദൈവകൃപ വിട്ടു പിൻമാറുകയും വല്ല കയ്പ്പുള്ള വേരും മുളച്ചു കലക്കമുണ്ടാക്കി അനേകർ അതിനാൽ മലിനപ്പെടുവാൻ ഇടവരരുത്.

**നാം എന്തിനു ക്ഷമിക്കണം?**

ക്ഷമയുടെ ഏറ്റവും വലിയ പ്രശ്നം മിക്കപ്പോഴും അത് ന്യായമായി തോന്നുന്നില്ല എന്നതാണ്. എല്ലാറ്റിനും ഉപരി ഒരു കുറ്റവാളിക്കു അവന്റെ കുറ്റത്തിനു പ്രതിഫലം കൊടുക്കണമെന്ന് നീതി ആവശ്യപ്പെടുന്നു. അതിനാൽ പറ്റിയ തെറ്റ് പരിഹരിക്കപ്പെടുന്നില്ലെങ്കിൽ വെറുപ്പു വച്ചു പുലർത്തുക എന്ന അവസരം പ്രയോജനപ്പെടുത്തുന്നു, അങ്ങനെ ചെയ്യുന്നത് ദൈവഹിതത്തെ അവഗണിക്കുകയും ആജീവനാന്ത പ്രത്യാഘാതങ്ങളിൽ കലാശിക്കുകയും ചെയ്യുന്നു.

ക്ഷമിക്കുവാൻ വേണ്ടി യേശു നമ്മെ വിളിക്കുന്നു, കർതൃ പ്രാർത്ഥനയിൽ ഇപ്രകാരം പ്രാർത്ഥിക്കുവാൻ അവൻ പറയുന്നു. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോട് ക്ഷമിക്കേണമേ മത്തായി 6:12 ഒരു മുന്നറിയിപ്പുകൂടി ചേർത്തു പറഞ്ഞു. നിങ്ങൾ മറ്റുള്ളവരോടു പിഴകളെ ക്ഷമിക്കാഞ്ഞാലോ ? സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല മത്തായി 6:15 നമ്മുടെ ക്ഷമിക്കാതിരിക്കൽ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നു. ക്രിസ്തു നമുക്കു തന്ന ധാരാളമായ ക്ഷമയ്ക്കു വിരോധമാണിത്. അത് ദൈവത്തോട് നമുക്കുള്ള കൂട്ടായ്മയ്ക്കു വിടവു വരുത്തും. എഫെ. 4:30-32.

ക്ഷമിക്കുക എന്നത് ക്രിസ്തു സഹജമായ സ്വഭാവമാണ്. ക്രിസ്തുവിനെക്കാൾ അന്യായമായ കഷ്ടങ്ങൾ നാം സഹിച്ചിട്ടില്ല. നാം അവിടുത്തോളം ക്ഷമിച്ചിട്ടില്ല. അവൻ പാപമില്ലാത്തവനായിരുന്നു. നമ്മുടെ പാപമല്ലെ അവന്മേൽ ചുമത്തിയത്. നാം അർഹിച്ചിരുന്ന ശിക്ഷ അവിടുന്നു ഏറ്റെടുത്തു. ക്രിസ്തു നമ്മോടു ക്ഷമിച്ചതുപോലെ നാം മറ്റുള്ളവരോടു ക്ഷമിക്കണം. അതിലൂടെ കർത്താവിനു മഹത്വം ലഭിക്കുന്നു ഗലാ 2:20.

ക്ഷമിക്കാതിരിക്കുന്നത് ദോഷം ചെയ്യുന്നു. ഇത് വൈകാരികവും മാനസികവും ശാരീരികവും യുക്തിസഹവുമായ പ്രശ്നങ്ങൾ മാത്രമല്ല സൃഷ്ടിക്കുന്നത്. മറ്റേതൊരു പാപത്തെയും പോലെ നമ്മെ ആത്മീയമായി തളർത്തുന്നു. കാരണം നാം ആത്മാവിനെ അനുസരിച്ചു നടക്കുന്നില്ല. യോഹന്നാൻ അതാണ് 1 യോഹന്നാൻ 2:9-11 ൽ മുന്നറിയിപ്പു നല്കുന്നത്. വെളിച്ചത്തിൽ ഇരിക്കുന്ന എന്നു പറയുകയും സഹോദരനെ പകക്കുകയും ചെയ്യുന്നവൻ ഇന്നയോളം ഇരുട്ടിൽ ഇരിക്കുന്നു.

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

ഡോ. സി.വി. വടവന
(ചീഫ് എഡിറ്റർ)
ഇ.എസ്. റെജി
(സബ് എഡിറ്റർ)
ഐസക്ക് സി. വടവന
(മാനേജിംഗ് എഡിറ്റേഴ്സ്)
ജസ്റ്റിൻ സി. വടവന
(സർക്കുലേഷൻ മാനേജർ)

**പത്രാധിപ സമിതി**

എ.വി. ജോൺ
ജിജോ അങ്കമാലി
ഡോ. സണ്ണി എഴുമറ്റൂർ
എൽസി ബേബി

**ജീവവചനം**

ഏറ്റവും പ്രചാരമുള്ള
ബ്രദറൺ വാർത്താ മാസിക
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ
1000 രൂപ
USA $ 150
മറ്റു രാജ്യങ്ങൾ 5000 രൂപ

**വിലാസം**

ജീവവചനം
സത്യം മിനിസ്ട്രീസ്
തോട്ടഭാഗം പി.ഒ.
തിരുവല്ല - 689541
ഫോൺ: 9447126182

**USA**
Sathyam Ministries Intl.
1024 S MAIN ST, CORONA,
CALIFORNIA, 92882
UNITED STATES
PHONE:+1 951 751 6860

**AUSTRALIA**
Sathyam Publications
2 Reginald Ave
Arana Hills
4054 Australia
Phone : +61 424877742
Email:
admin@sathyamministry.org

**UAE**
Sathyam Publications
SPC Free Zone, E311,
Sheikh Mohammed Bin
Zayed Rd, Al Zahia,
Sharjah, U.A.E.
PHONE: 971 5047 650 10

# സങ്കീർത്തനങ്ങൾ–76

ഡോ.സി.വി.വടവന

## ഭാഷ്യം (തുടർച്ച)

കർത്താവ് തേജസ്സും മഹിമയും ഉള്ളവനായി വിളങ്ങുന്നതോടുകൂടി "യഹോവയുടെ തേജസ് യിസ്രായേലിന്റെ മേൽ ഉദിച്ചിരിക്കുന്നു" (യെശ. 60:1) എന്നുള്ള പ്രവചനം നിവൃത്തിയാകുന്നു. ശാശ്വത പർവ്വതങ്ങളെ 'ഇരയായിത്തീരുന്ന പർവ്വതങ്ങൾ' എന്നാണ് ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയിട്ടുള്ളത്.

**വാ. 5-6 ധൈര്യശാലികളെ കൊള്ളയിട്ട് അവർ നിദ്രപ്രാപിച്ചു; ..... തേരും കുതിരയും ഗാഢനിദ്രയിൽ വീണു.** യെബൂസ്യരെ തോല്പിച്ചതിന്റെ മഹത്ത്വം ഇവിടെ ദൈവത്തിന് നൽകിയിരിക്കുന്നു. അവർ ഉറച്ച ധൈര്യമുള്ളവരും മറ്റാരെയും പോലെ അവരുടെ ദേശം കാത്തവരും ആയിരുന്നു. എങ്കിലും അവർക്കു ദൈവത്തെ തോല്പിക്കാനായില്ല. പൂർവന്മാരായ മറ്റെല്ലാ കനാൻ നിവാസികളെയുംപോലെ തന്നെ അവരുടെ പാപത്തിന്റെ ശിക്ഷയായി അവർ നശിപ്പിക്കപ്പെടേണ്ടിയിരുന്നു (ആവ. 7; 9:4-5). യെബൂസ്യ വീരന്മാർക്ക് ദൈവത്തിന്റെ ഭർത്സനത്താൽ അന്ന് യുദ്ധം ചെയ്യാനായില്ല (വാ. 5-6, ഒ. നോ. സെഖ. 14:12-15). ഇവിടെയും വാ. 5- ലും മരണനിദ്രയാണ് പരാമർശിക്കപ്പെട്ടിരിക്കുന്നത്. ദേഹിയുടെ നിദ്ര തിരുവചന ഉപദേശമല്ല.

യെരൂശലേമിനെ കടിച്ചുകീറുവാൻ വന്യമൃഗങ്ങളെപ്പോലെ പാഞ്ഞുവന്ന സകല രാജ്യങ്ങളുടെയും മീതെ യഹോവയുടെ തേജസ്സ് പ്രകാശിക്കയും ആ ശത്രുരാഷ്ട്രങ്ങളെ തകർക്കുകയും ചെയ്തതോടുകൂടി അവരുടെ ധൈര്യശാലികൾ കൈക്കരുത്തില്ലാത്തവരായിത്തീരുകയും കൊള്ളയിടപ്പെടുകയും നിദ്രയിൽ ആണ്ടുപോകയും ചെയ്തു.

ഹർമ്മഗദ്ദോനിലെ അതിഭീകരമായ സംഹാരത്തെ തുടർന്ന് ശത്രുസൈന്യങ്ങളുടെ "തേരും കുതിരയും ഗാഢനിദ്രയിൽ വീണു." ഇത് സംഭവിച്ചത് യാക്കോബിന്റെ ദൈവത്തിന്റെ ശാസനയാലാണ്. ദൈവക്രോധത്തെ വെളിപ്പെടുത്തുന്ന താണ് ശാസനയെന്ന് ആറു മുതൽ ഒൻപത് വരെയുള്ള വാക്യങ്ങൾ തെളിയിക്കുന്നു.

**വാ. 7 നീ ഭയങ്കരനാകുന്നു; നീ ഒന്നു കോപിച്ചാൽ തിരുമുമ്പാകെ നില്ക്കുന്നവർ ആര്?**

ദൈവം കോപിച്ചു എങ്കിലും അനർത്ഥം വരുത്തിയില്ല എന്നതിന് 7 ഉദാഹരണങ്ങൾ:

1 മോശെ (പുറ. 4:14; ആവ. 1:37; 4:21)
2 അഹരോനും മിര്യാമും (സംഖ്യ. 12:9-16)
3 ബിലെയാം (സംഖ്യ 22:22-35)
4 യിസ്രായേൽ (ആവ. 9:9-21)
5 ശലോമോൻ (1 രാജാ. 11:9)
6 ദുഷ്ടന്മാർ (സങ്കീ. 7:11)
7 നിനെവെക്കാർ (യോനാ 3:9-10)

"നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസം" എന്നാണ് അതിനെപ്പറ്റി യെശയ്യാവ് പറയുന്നത് (യെശ. 61:2). യെഹൂദ ഗോത്രത്തിലെ സിംഹത്തിന്റെ അലർച്ച ഭൂവാസികൾ കേട്ട് തുടങ്ങുന്ന സംഭവത്തെ ഇവിടെ കാണിക്കുന്നു. ഈ ചോദ്യം വേദഗ്രന്ഥത്തിന്റെ ഒടുവിലെ പുസ്തകത്തിലും ആവർത്തിക്കുന്നു. അവരുടെ ദൈവത്തിന്റേയും കുഞ്ഞാടിന്റേയും മഹാകോപദിവസം വന്നു; അവർക്ക് നില്പാൻ കഴിയും (വെളി. 6:17).

**വാ. 8 സ്വർഗത്തിൽ നിന്നു നീ വിധി കേൾപ്പിച്ചു; ഭൂമിയിലെ സാധുക്കളെയൊക്കെയും രക്ഷിക്കുവാൻ** യിസ്രായേലിനെ രക്ഷിപ്പാൻ ദൈവം എഴുന്നേറ്റ നിരവധി സന്ദർഭങ്ങളിൽ ഏതാണ് ഇവിടെ പരാമർശിച്ചിരിക്കുന്നതെന്നറിയില്ല. ദൈവം യെബൂസ്യരെ തോല്പിച്ച അവസരത്തെക്കുറിച്ചുള്ള സൂചനയാകുന്നു എങ്കിൽ (വാ. 3-6), ഇതു വെളിപ്പെടുത്തുന്നത് സീയോന്റെ ദുർഗങ്ങൾ പിടിച്ചടക്കുന്നത് യിസ്രായേലിന് വളരെ ആയാസകരമായ സംഗതി ആയിരുന്നു എന്നും ദൈവം സഹായിച്ചില്ലായിരുന്നു എങ്കിൽ അവർക്ക് അത് കീഴ്പ്പെടുത്തുവാൻ കഴിയുകയില്ലായിരുന്നു എന്നുമാണ്. മുൻകാലങ്ങളിൽ ദൈവം പല തവണ യിസ്രായേലിനെ വിടുവിച്ചിട്ടുണ്ട്: മോശെയുടെയും യോശുവയുടെയും ന്യായാധിപന്മാരുടെയും രാജാക്കന്മാരുടെയും കാലങ്ങളിലെല്ലാം ദൈവം അങ്ങനെ ചെയ്തിട്ടുണ്ട്; തന്റെ മഹത്ത്വ പ്രത്യക്ഷതയിൽ യെരൂശലേമിന്റെ പകുതി യുദ്ധത്തിൽ പിടിക്കപ്പെടുന്ന സമയത്ത് (സെഖ. 14) അവസാനമായി വീണ്ടും അവൻ അതിനെ വിടുവിക്കും.

സ്വർഗ്ഗത്തിൽ നിന്ന് ഇടിമുഴക്കം പോലെയുള്ള വിധി പ്രസ്താവന കേൾക്കുന്നതോടുകൂടി ആരവാരവും ബഹളവും എല്ലാം അസ്തമിച്ച് പോകയും ഭൂവാസികൾ അമർന്ന് അന്ന ത്തെ യിസ്രായേലിന്റെ ശേഷിപ്പിന്റെ ഉദ്ധാരണത്തിനുവേണ്ടി മഹത്ത്വത്തി ന്റെ പ്രഭുവായ മശിഹാ തന്റെ ഭയങ്കരതയിൽ പ്രത്യക്ഷനാകുന്ന ഈ മഹാസംഭവത്തെ നാം നിന്ന് ചിന്തിക്കേണ്ടതാണ്.

തടയുവാൻ കഴിയാത്ത ദൈവികന്യായവിധിയുടെ പ്രദർശനമാണ് ഇവിടെ കാണുന്നത്. അത് ദൈവത്തിന്റെ പ്രതികാരദിവസമായിരിക്കും (യെശ. 61:2; വെളി. 6:17). ദൈവത്തിന് ശത്രുവിനെ തോല്പിക്കാൻ യുദ്ധായുധം എടുക്കേണ്ട ആവശ്യമില്ല, തന്റെ വിധികേൾപ്പിച്ചാൽ മതി (യെശ. 30:30; 1 ശമൂ. 2:10).

**വാ. 9-10 ദൈവം ന്യായവിസ്മാരത്തിനു....അരയ്ക്കു കെട്ടിക്കൊള്ളും.** ഈ പ്രവചനം, ദൈവനാമ മഹത്ത്വത്തിനായി നീതിമാന്മാർക്കെതിരെയുള്ള മനുഷ്യന്റെ ക്രോധം അമർത്തപ്പെടുകയും രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും ക്രോധം ഛേദിക്കപ്പെടുകയും ചെയ്യുമ്പോൾ നിവൃത്തിയാകും.

'മനുഷ്യന്റെ ക്രോധം ദൈവത്തെ സ്തുതിക്കുന്നു' എന്നതിന്റെ അർത്ഥം, ആ ക്രോധം അമർത്തപ്പെടുമ്പോൾ ദൈവം മഹത്ത്വപ്പെടുന്നു എന്നാകുന്നു. പാപവും മത്സരവും ഭൂമിയിൽ നിന്നു പൂർണമായും ഇല്ലാതാക്കപ്പെടുമ്പോൾ ഭൂമി മുഴുവൻ രക്ഷപ്രാപിക്കുകയും ദൈവ ത്തെ സ്തുതിക്കുകയും ചെയ്യും (1 കൊരി. 15:24-28; എഫെ. 1:10).

# ശിഥിലമാക്കപ്പെട്ട കുടുംബ ബന്ധങ്ങൾ

ലേഖനം



എൽസി ബേബി

കുടുംബം എന്താണെന്നോ ബന്ധങ്ങൾ എന്താണെന്നോ അറിയാത്ത അവയുടെ മൂല്യങ്ങൾ മനസ്സിലാക്കാത്ത ഒരു തലമുറയിലാണ് നാം വന്നെത്തിയിരിക്കുന്നത് "കൂടുമ്പോൾ ഇമ്പം" എന്നാണല്ലൊ കുടുംബം എന്നു പറഞ്ഞാൽ അർത്ഥമാക്കുന്നത് കൂടലും ഇമ്പവുമില്ലാത്ത അവസ്ഥയാണ് ഇന്നു പല ഭവനങ്ങളിലും കാണുന്നത്. പണ്ടൊക്കെ അതായത് എന്റെ ചെറുപ്പക്കാലത്ത് കുടുംബം എന്നു പറഞ്ഞാൽ പ്രായമായ വെല്യപ്പനും, വെല്യമ്മച്ചിയും, അപ്പനും, അമ്മയും, ആറും, എട്ടും, പത്തും മക്കൾ നിറഞ്ഞ ഒരു കുടുംബം അവർ തമ്മിൽ തമ്മിൽ കൂടുന്നതു മിക്കവാറും രാവിലേയും, വൈകിട്ടുമുള്ള കുടുംബ പ്രാർത്ഥനയിലും, മൂന്നു നേരത്തെ ആഹാരസമയത്തുമായിരിക്കും. പകൽ മുഴുവനും പലരും പല പ്രവൃത്തികളിൽ വാപൃതരായാലും സന്ധ്യയായതോടെ എല്ലാവരും വീട്ടിൽ കാണും. ദൈവത്തിനു പ്രഥമ സ്ഥാനം നല്കിയുള്ള കുടുംബാരാധനയാണ് കുടുംബാംഗങ്ങളെ ഒന്നിച്ചു ചേർത്തിക്കിന്ന പ്രധാന ഘടകം. അതായത് ഒരു കുടുംബത്തിന്റെ അനുഗ്രഹം എന്നാൽ ദൈവത്തിനു പ്രഥമ സ്ഥാനം നല്കി ഭയ ഭക്തിയോടെ ജീവിക്കുന്ന കുടുംബാംഗങ്ങൾ മൂത്തവർ തുടങ്ങി ഇളയവർ വരെ അന്യോന്യം സ്നേഹിക്കയും, ബഹുമാനിക്കയും തമ്മിൽ തമ്മിൽ സംസാരിക്കയും, തർക്കിക്കയും, വഴക്കു ഇടുകയുമൊക്കെ ചെയ്യാറുണ്ട്. പല പ്രായക്കാരാണ് കുടുംബത്തിലുള്ളത്. അവരെല്ലാം കൂടുമ്പോഴുള്ള ഇമ്പമാണ് ഒരു കുടുംബത്തെ കുടുംബമാക്കിമാറ്റുന്നത്. വേലികളോ മതിൽക്കെട്ടുകളോ ഇല്ലാത്ത സാമാന്യം എല്ലാവർക്കും കിടക്കുവാനിടമുള്ള ഒരു ഭവനം! അയല്ക്കാർ ആരു തന്നെ ആയാലും അവരുമായി നല്ല ബന്ധം അങ്ങോട്ടും ഇങ്ങോട്ടും പോയി വരാനുള്ള സ്വാതന്ത്ര്യം. ബന്ധുമിത്രാദികൾ തമ്മിൽ തമ്മിലുള്ള ബന്ധം, പെരുന്നാളുകൾ, ഉത്സവങ്ങൾ, യോഗങ്ങൾ സണ്ടേ സ്കൂളുകൾ പള്ളികൾ, അമ്പലങ്ങൾ, ആരാധനാലയങ്ങൾ ഇവയെല്ലാം കുടുംബ ബന്ധങ്ങളെ ശക്തമാക്കാൻ ദൈവം നല്കിട്ടുള്ള അനുഗ്രഹങ്ങളൊക്കന്നു. കുടുംബത്തിന്റെ അടിസ്ഥാനമായ വിവാഹം എന്നു പരിശുദ്ധ കൂദാശദൈവം സ്ഥാപിച്ചതാകുന്നു. ദൈവത്തേയൊ, ദൈവിക പ്രമാണങ്ങളെയൊ വേണ്ടാ എന്നു പറഞ്ഞു പുറം തള്ളിക്കളഞ്ഞ തലമുറകളെ അഭിനന്ദിച്ചും പരിപോഷിച്ചും അവയുടെ സ്ഥാനത്ത് ആർഭാടങ്ങൾക്കും ആഘോഷങ്ങൾക്കും, അനാവശ്യങ്ങളായ പരിഷ്കാരങ്ങൾക്കും മുൻഗണന നല്കി ദൈവത്തേയും, ദൈവഭക്തിയേയും പുറം തള്ളിക്കളഞ്ഞു മാറിനിന്ന് ആനന്ദത്തിന്റെ കയ്പടികൾ നല്കിയ തലമുറ. കൂട്ടുകുടുംബം വേണ്ടാ, അണു കുടുംബ മതി, തങ്ങൾക്കിഷ്ടം പോലെ വിവാഹങ്ങൾ ചെയ്യാം; മാതാപിതാക്കളുടേയൊ, വൃദ്ധരായ ബുദ്ധിമാന്മാരുടെ ഉപദേശങ്ങളൊ വേണ്ടാ, വിവാഹം കൂടാതെ സ്ത്രീയും പുരുഷനും ഒന്നിച്ചു ജീവിക്കാം, വിവാഹിതരായത് മക്കൾ വേണ്ടാ, പുരുഷനും പുരുഷനും സ്ത്രീയും സ്ത്രീയും തമ്മിൽ വിവാഹിതരായി ജീവിക്കാം ഇങ്ങനെയുള്ള ദൈവത്തിന്റെ സത്യത്തെ വ്യാജമാക്കി മാറ്റി. കുടുംബ ബന്ധങ്ങൾ മാത്രമല്ല എല്ലാ ബന്ധങ്ങളും ശിഥിലമാക്കപ്പെട്ടിരിക്കയാകുന്നു. അവരുടെയൊക്കെ ഇടയിൽ ദൈവത്തെ ഭയപ്പെട്ടും ആദരിച്ചും, അനുസരിച്ചും ജീവിക്കുന്ന ഒരു കൂട്ടം ദൈവമക്കൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും ചിന്നിചിതറി പാർക്കുന്നുണ്ട്. ദൈവം തന്റെ ഏകജാതനായ പുത്രനിലൂടെ ഒരുക്കിയ രക്ഷാമാർഗ്ഗത്തിലായവർ! ലോകത്തിന്റെ പാപപരിഹാരാർത്ഥം ദൈവപുത്രൻ മനുഷ്യ പുത്രനായി അവതരിച്ച് ലോകത്തിന്റെ പാപം താൻ സ്വയം ഏറ്റെടുത്ത് ഒരു അകൃത്യയാഗമായി രണ്ടായിരം വർഷങ്ങൾക്കു മുമ്പു കാൽവരി ക്രൂശിൽ തന്റെ പ്രാണനെ വെടിഞ്ഞ ദൈവത്തിന്റെ കുഞ്ഞാട്! ക്രിസ്തു എന്ന നിർദ്ദോഷവും, നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തത്തിൽ തങ്ങളുടെ പാപക്കറകൾ കഴുകി ശുദ്ധീകരണം പ്രാപിച്ച ദൈവമക്കൾ! ദൈവം ഒരുക്കിയ ഇത്ര വലിയ രക്ഷാമാർഗ്ഗത്തിൽ വിശ്വസിച്ച് തങ്ങളുടെ പാപങ്ങളെ ഏറ്റു പറഞ്ഞു. അനുതപിച്ചു, പശ്ചാത്താപ്പിച്ചു, ക്രിസ്തു എന്ന ഏക രക്ഷിതാവിനെ ഹൃദയത്തിൽ തങ്ങളുടെ കർത്താവും രക്ഷിതാവുമായി അംഗീകരച്ച് ദൈവ ഭവനത്തിൽ ദൈവമക്കളായി വീണ്ടും ജനിക്കുവാനുള്ള അവസരം ദൈവം തന്റെ കൃപയാൽ തുറന്നു വച്ചിരിക്കയാകുന്നു. ഈ കൃപയുടെ വാതിൽ അടച്ചു അതിനു മുമ്പ് ഏതു പാപിക്കും രക്ഷപ്രാപിപ്പാനുള്ളഅവസരം ഇന്നാകുന്നു. നാളെ 'ഇന്നലെ' നമ്മെ ലഭിക്കുമൊ എന്നറിഞ്ഞുകൂടാ! കാരണം വിട്ടുകടന്നുപോയി നാളെ വരുമൊ എന്നു നിശ്ചയമില്ല 'ഇന്നു' എന്നൊരു ദിവസമേ നമ്മുടെ മുമ്പാകെയുള്ളു. ഇന്നു തന്നെ കൃപയാലുള്ള വിശ്വാസത്താൽ ക്രിസ്തുവിനെ തങ്ങളുടെ കർത്താവും രക്ഷിതാവുമായി ഹൃദയത്തിൽ അംഗീകരിച്ച് ദൈവഭവനത്തിൽ ദൈവ മക്കളായി വീണ്ടും ജനിച്ചു സ്വർഗ്ഗാധിസ്വർഗ്ഗത്തി അധിപനായ പരമാധികാരിയായ, സർവ്വശക്തനായ ദൈവവുമായുള്ള കൂട്ടായ്മയിലേക്കു വരിക. ദൈവക്രോധകലശം ഈ ഭൂമിമേൽ ചൊരിയുമ്പോൾ ഈ ഭൂമി വെന്തുരുകി ഇല്ലാതെയാകും ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കപ്പെടും അതിനുമുമ്പേ ദൈവമക്കളെ ചേർക്കുവാൻ കർത്താവു വാനമേഘങ്ങളിൽ വരും. അവരെല്ലാവരും ഒന്നിച്ചു പിതാവായ ദൈവത്തോടും പുത്രനോടും, പരിശുദ്ധാത്മാവോടും കൂടെ ഈ ഭൂമിയിൽ വാഴും തകർക്കപ്പെട്ട ബന്ധങ്ങളൊക്കെ കൂടി ചേർക്കപ്പെടും നാൾ സമീപമായിരിക്കുന്നു. ഇതു വായിക്കുന്ന പ്രിയവായനക്കാരെ ആ ഭാഗ്യകരമായ പ്രത്യാശയിലേക്കാഹ്വാനം ചെയ്യുന്നു! ഇന്നു തന്നെ ഒരു തീരുമാനമെടുക്കുവാൻ സർവ്വകൃപാലുവായ ദൈവം കൃപ ചെയ്യട്ടെ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കയും ആശംസിക്കയും ചെയ്യുന്നു. ആമേൻ!

ഭാഗം II (തുടർച്ച)

# പരിശുദ്ധാത്മാവ് വിശ്വാസിയിൽ



**റെജി ഈട്ടിമൂട്ടിൽ**

പരിശുദ്ധാത്മാവ് ഒരു വ്യക്തിയെന്ന നിലയിൽ മാത്രമാണ് തിരുവെഴുത്ത് വെളിപ്പെടുത്തിയിരിക്കുന്നത്. ഒരു വ്യക്തിയിൽ മറ്റൊരു വ്യക്തി നിറയണമെന്നു പറഞ്ഞാൽ, നിറയുന്ന വ്യക്തി നിറയപ്പെടുന്ന വ്യക്തിയാൽ സമ്പൂർണ്ണമായി നിയന്ത്രിക്കപ്പെടുന്നു എന്നുമാത്രമാണ് അർഥം. ഒരു ഗ്ലാസിൽ ദ്രാവകം നിറയുന്നതു പോലെയല്ല; ഒരു വീട്ടിൽ ഒരു വ്യക്തി നിറയുന്നതുപോലെതന്നെ.

**ആത്മനിറവിന്റെ പ്രതിഫലനം**

ആത്മാവിന്റെ സമ്പൂർണ്ണ നിയന്ത്രണത്തിൻ കീഴിലാകുന്ന ദൈവമനുഷ്യനിൽ സംഭവിക്കുന്ന പ്രതിഫലനങ്ങളെപ്പറ്റി തിരുവചനം പറഞ്ഞിരിക്കുന്നു. എഫെസ്യർ 5:18-21 വാക്യങ്ങൾ ശ്രദ്ധിച്ചാൽ അത് മനസ്സിലാകും. "ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തുകൊൾവിൻ." ഒരുവനിൽ ദൈവവചനം ഐശ്വര്യമായി വസിക്കുമ്പോഴുണ്ടാകുന്ന പ്രതിഫലനവും ആത്മനിറവിന്റെ പ്രതിഫലനവും ഒന്നുതന്നെയാണ് (ഒത്തുനോക്കുക കൊലൊ. 3:16,17). ചുരുക്കിപ്പറഞ്ഞാൽ പരിശുദ്ധാത്മപൂർണ്ണനാകുന്ന ഒരു വൻ ദൈവവചനത്തിന്റെ സമൃദ്ധിയിലായി ജീവിതത്തിൽ വചനം പ്രമാണിക്കുന്നു. സകലസത്യത്തിലും വഴിനടത്തുന്ന കാര്യസ്ഥനായ പരിശുദ്ധാത്മാവ് ഒരുവനിൽ നിറയുമ്പോൾ സത്യവചനത്താൽ ആയിരിക്കും ആ വ്യക്തി നിറയപ്പെടുന്നത്. ആത്മാവിൽ നിറയുന്നവൻ വചനം പ്രമാണിക്കുകയായിരിക്കും ചെയ്യുന്നത്.

**ആത്മാവ് നിറഞ്ഞ സംഭവങ്ങൾ**

തിരുവചനത്തിൽ ആത്മനിറവിനെക്കുറിച്ച് പറഞ്ഞിരിക്കുന്ന 20 വേദഭാഗങ്ങളാണുള്ളത്. പഠിതാക്കളുടെ സൗകര്യാർഥം ആ ലിസ്റ്റ് താഴെക്കുറിക്കുന്നു.

**1. പുറ. 31:1-5** – സമാഗമനകൂടാരത്തിന്റെ നിർമ്മിതിക്കായി ബസലേലിലെ പരിശുദ്ധാത്മാവിനാൽ നിറച്ചു.

**2. പുറ. 35:33** – ബെസലേലിനെയും ഒഹൊലിയാബിനെയും സമാഗമനകൂടാരത്തിന്റെ നിർമ്മിതിക്കായി ദിവ്യാത്മാവിനാൽ നിറച്ച കാര്യം വീണ്ടും പറയുന്നു.

**3. ആവ. 34:9** – മോശെയുടെ നിര്യാണശേഷം ദൈവികശുശ്രൂഷയുടെ തുടർപ്രവർത്തകനായി നൂന്റെ മകനായ യോശുവയെ ജ്ഞാനാത്മപൂർണ്ണനാക്കിയതിനെക്കുറിച്ച് പറയുന്നു.

**4. മീഖാ. 3:8** – യിസ്രായേലിനോട് സംസാരിക്കുവാൻ മീഖാപ്രവാചകനെ ദൈവം ആത്മാവിനാൽ നിറച്ചിരിക്കുന്നുവെന്ന് പ്രവാചകൻ സാക്ഷ്യപ്പെടുത്തുന്നു. **5. ലൂക്കൊ. 1:15** – യോഹന്നാൻ സ്നാപകൻ അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ പരിശുദ്ധാത്മാവുകൊണ്ട് നിറയുമെന്ന് ഗബ്രീയേൽ മാലാഖ സെഖര്യാവിനോട് പറയുന്നു.

**6. ലൂക്കൊ. 1:42** – മറിയം എലീശബേത്തിനെ വന്ദിച്ചപ്പോൾ എലീശബേത്ത് പരിശുദ്ധാത്മാവിൽ നിറഞ്ഞ് പ്രവചിച്ചു.

**7. ലൂക്കൊ. 1:67** – സെഖര്യാവ് പരിശുദ്ധാത്മാവിൽ നിറഞ്ഞവനായി പ്രവചിച്ചു പറയുന്ന വാക്കുകൾ.

**8. ലൂക്കൊ. 4:1** – യേശുവിന്റെ ജലസ്നാനസമയം മുതൽ യേശു പരിശുദ്ധാത്മനിറവുള്ളവനായിരുന്നു.

**9. അപ്പൊ. 2:4** – പെന്തെക്കോസ്തുനാളിൽ കൂടിയിരുന്ന എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അന്യഭാഷകൾ ഉച്ചരിപ്പാൻ വരം ലഭിച്ചവർ മാത്രം അന്യഭാഷകളിൽ സംസാരിച്ചു.

**10. അപ്പൊ. 4:8** – പത്രൊസ് പരിശുദ്ധാത്മാവിൽ നിറഞ്ഞ് വചനം പ്രസംഗിച്ചു.

**11. അപ്പൊ. 4:31** – അപ്പൊസ്തലന്മാർ ഒന്നിച്ചുകൂടിയിരുന്ന് പ്രാർഥിച്ചു. അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി - ആത്മാവിൽ നിറഞ്ഞ് അവർ ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു.

**12. അപ്പൊ. 6:3** – മേശയിലെ ശുശ്രൂഷകൾക്കായി തിരഞ്ഞെടുക്കപ്പെടുന്നവർ ആത്മനിറവുള്ളവർ ആയിരിക്കണം.

**13. അപ്പൊ. 6:5** – തിരഞ്ഞെടുക്കപ്പെട്ട എഴുവരും ആത്മനിറവുള്ളവർ ആയിരുന്നു.

**14. അപ്പൊ. 7:55** – മേശകളിലെ ശുശ്രൂഷകൾക്കായി തിരഞ്ഞെടുക്കപ്പെട്ട ഏഴ് പുരുഷന്മാരിൽ ഒരുവനായ സ്തെഫാനൊസ് ആത്മാവിനാൽ നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്ക് ഉറ്റുനോക്കുന്നു.

**15. അപ്പൊ. 9:17** – അനന്യാസ് എന്ന ശിഷ്യൻ പൗലൊസിനോട് പറയുന്നു, നീ കാഴ്ച പ്രാപിച്ച് പരിശുദ്ധാത്മപൂർണ്ണനാകുവാനാണ് കർത്താവിനാൽ ഞാൻ അയയ്ക്കപ്പെട്ടത്.

**16. അപ്പൊ. 11:24** – ബർന്നബാസിന്റെ സ്വഭാവമായി പറഞ്ഞിരിക്കുന്നു. അവൻ നല്ല മനുഷ്യനും പരിശുദ്ധാത്മാവും വിശ്വാസവും നിറഞ്ഞവനുമായിരുന്നു.

**17. അപ്പൊ. 13:9** – പൗലൊസ് പരിശുദ്ധാത്മാവിൽ നിറഞ്ഞവനായിബർയേശു എന്ന കള്ളപ്രവാചകനെ ഉറ്റുനോക്കുന്നു.

**18. ഗലാ. 3:5** – മൂലഭാഷയിൽ ആത്മനിറവ് എന്ന ധ്വനി വരുന്ന പ്രയോഗം വച്ചിരിക്കുന്നു.

**19. എഫെ. 5:18** – വിശ്വാസികൾ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായിരിക്കണം എന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു.

**20.ആത്മനിറവും അന്യഭാഷയും**

ആത്മാവിന്റെ നിറവിൽ ആകുമ്പോൾ അതിന്റെ ഏകവും പ്രത്യക്ഷവുമായി അടയാളം അന്യഭാഷയാണെന്ന ചിലരുടെ വാദം ഇവിടെ പൊളിയുകയാണ്. ആത്മാവ് നിറഞ്ഞ 19 സംഭവങ്ങളിൽ അപ്പൊ. 2:4ൽ മാത്രമാണ് ആത്മനിറവിനോട് ചേർന്ന് അന്യഭാഷാഭാഷണം വരുന്നത്. അവിടെപ്പോലും ആത്മനിറവ് സംഭവിച്ച എല്ലാവരും അന്യഭാഷകളിൽ സംസാരിച്ചില്ല (അപ്പൊ. 2:4,13,14). ബാക്കി എല്ലാ സ്ഥലങ്ങളിലും പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ടത് ദൈവവചനം ശക്തിയോടും ധൈര്യത്തോടും പ്രസംഗിക്കുവാനായിരുന്നു. പരിശുദ്ധാത്മനിറവിന്റെ പ്രതിഫലനത്തിന്റെ കൂട്ടത്തിൽ അന്യഭാഷയില്ല. അത് ഒരു താൽക്കാലിക പ്രതിഭാസം മാത്രമായിരുന്നു.



# ദാനിയേൽ പ്രവചനം

(തുടർച്ച)

**ഡോ.സണ്ണി എഴുമറ്റൂർ**

**പഴയനിയമ വിശുദ്ധന്മാരുടെ ഉയിർപ്പും ന്യായവിധിയും**

**ഈ** ഉത്തരത്തിൽ രണ്ട് കാര്യങ്ങൾ ഒരു "സത്യവും", ആ സമയത്തിന്റെ "കാലയളവും" അത് വെളിപ്പാട് 10:1-6 വരെ നമ്മെ ഓർപ്പിക്കുന്നു. വെളിപ്പാട് പുസ്തകം ദാനിയേൽ പ്രവചനത്തിന്റെ വ്യാഖ്യാനമാണ്. നാം അതിൽ 1-ാം അദ്ധ്യായത്തിലേക്ക് വരുമ്പോൾ "ബലവാനായ മറ്റൊരു ദൂതൻ സ്വർഗ്ഗത്തിന്ന് ഇറങ്ങിവരുന്നത് ഞാൻ കണ്ടു. അവൻ മേഘം ഉടത്തും തലയിൽ ആകാശവില്ല ധരിച്ചും മുഖം സൂര്യനെ പോലെയും കാൽ തീതൂണ് പോലെയും ഉള്ളവൻ: (2) അവന്റെ കയ്യിൽ തുറന്നൊരു ചെറുപുസ്തകം ഉണ്ടായിരുന്നു. അവൻ വലങ്കാൽ സമുദ്രത്തിന് മേലും, ഇടങ്കാൽ ഭൂമിമേലും വെച്ചു. (3) സിംഹം അലറും പോലെ അത്യുച്ചത്തിൽ ആർത്തു ആർത്തപ്പോൾ 7 ഇടിയും നാദം മുഴക്കി. (4) ഏഴ് ഇടി നാദം മുഴക്കിയപ്പോൾ ഞാൻ എഴുതുവാൻ ഭാവിച്ചു. എന്നാൽ ഏഴ് ഇടി മുഴക്കിയത് എഴുതാതെ മുദ്രയിട്ടേക്ക എന്ന് സ്വർഗ്ഗത്തിൽ നിന്ന് ശബ്ദം ഉണ്ടായി. (5) സമുദ്രത്തിന് മേലും, ഭൂമിമേലും നില്ക്കുന്നവനായി ഞാൻ കണ്ട ദൂതൻ വലകൈ ആകാശത്തേക്കുയർത്തി. (6) ഇനി കാലം ഉണ്ടാകയില്ല, ഏഴാമത്തെ ദൂതൻ കാഹളം ഊതാനിരിക്കുന്ന നാദത്തിന്റെ കാലത്തു ദൈവത്തിൻഖെ മർമ്മം അവൻ തന്റെ ദാസന്മാരായ പ്രവാചകന്മാർക്കു അറിയിച്ചു കൊടുത്തതുപോലെ നിവൃത്തിയാകുമെന്ന് ആകാശവും അതിലുള്ളതും ഭൂമിയും അതിലുള്ളതും സൃഷ്ടിച്ചവനുമായി എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെ ചൊല്ലി സത്യം ചെയ്തു".

ഈ "ശക്തനായ ദൂതന്റെ പ്രഖ്യാപനം പോലെയും പ്രത്യക്ഷപ്പെടൽ പോലെയും, പ്രവർത്തിപോലെയുമാണ് ദാനിയേൽ 10:5-6 ലും 12:6-7 ശണവസ്ത്രം ധരിച്ച പുരുഷനെയും കാണുന്നത് അതിനാൽ അവർ ഒന്നാണ് അത് കർത്താവായ യേശുക്രിസ്തുവാണ്. വെളിപ്പാട് 1:12-16 വരെ നിലവിളക്കുകളുടെ നടുവിൽ നില്ക്കുന്നവന്റെ വിവരണത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് മനസ്സിലാക്കാം അത് പഴയനിയമത്തിൽ യഹോവയുടെ ദൂതൻ" എന്ന് വിളിക്കപ്പെടുന്നത് (പുറ. 3:2-18). അതുപോലെ പഴയനിയമത്തിലെ "ഞാൻ ആകുന്നവൻ ഞാനാകുന്നു എന്നും പുതിയനിയമത്തിലെ "ഞാൻ ആകുന്നു" എന്നും ഒന്നാകുന്നു (യോഹ. 6:35; 8:12; 10:9) ദാനിയേലിന്റെ ഈ ഉപസംഹാര അദ്ധ്യയാത്തിൽ യേശുക്രിസ്തു യഹോവയുടെ ദൂതൻ എ ന്ന നിലയിൽ ഇസ്രായേലിനോട് ഇടപെടുന്നതിനെ കാണിക്കുമ്പോൾ വെ ളിപ്പാട് 6 മുതൽ 19 അദ്ധ്യായങ്ങളിൽ "ബലവാനായ ദൂതൻ" എന്ന നിലയിൽ ഇസ്രായേലിനോട് ഇടപെടുന്നതിനെ കാണിക്കുന്നു. "കരയേണ്ടാ; യെഹൂദാ ഗോത്രത്തിലെ സിംഹവും ദാവിദിന്റെ വേരുമായവൻ പുസ്തകവും അതിന്റെ ഏഴ് മുദ്രയും തുറപ്പാൻ തക്കവണ്ണം ജയം പ്രാപിച്ചിരിക്കുന്നു എന്ന് പറഞ്ഞു" (വെളി. 5:5).

ഈ "ബലവാനായ ദൂതൻ" "ശണവസ്ത്രം ധരിച്ചവനെ പോലെയുള്ളവൻ" സർവ്വശക്തനെ ചൊല്ലി സത്യം ചെയ്തു ഇനി കാലങ്ങൾ ഉണ്ടാകയില്ല അല്ലെങ്കിൽ "താമസിക്കില്ല" ദാനിയേലിന്റെ എഴുപതാം ആഴ്ചവട്ടത്തിന്റെ മദ്ധ്യത്തിലാണ് ബലവാനായ ദൂതൻ ഇത് പ്രഖ്യാപിക്കുന്നത്, അതിനെ കുറിച്ച് ശണവസ്ത്രം ധരിച്ച പുരുഷൻ പറയുന്നത് $3^1/_2$ വർഷങ്ങൾ അല്ലെങ്കിൽ 42 മാസക്കാലം (വെളി. 13:5). ഇത് ദാനിയേൽ നല്കുന്ന കാലത്തിനും, കാലങ്ങൾക്കും, കാലാർദ്ധത്തിനും തുല്യമാണ് (വാക്യം 7). അതിനാൽ ദാനിയേലും, വെളിപ്പാടും അന്ത്യാകലത്തിന്റെ സമയത്തെ ദൈർഘ്യത്തെ കുറിച്ച് ഒരേ ആശയമാകായാൽ അത് ഒരു വ്യക്തി തന്നെയാണ് കർത്താവായ ക്രിസ്തുയേശു.

ദാനിയേലിന് പ്രവചനം ലഭിച്ചു എങ്കിലും തനിക്കത് മനസ്സിലായില്ല. അതിനാൽ 6-ാം വാക്യത്തിൽ താൻ ആ ദൂതനോട് ചോദിക്കുന്നത് "കർത്താവേ ഇതിന്റെ അവസാനം എപ്പോൾ വരും"?

**ദാനിയേൽ 12:8-13**

ഈ പ്രവചനത്തിന്റെ പ്രാരംഭത്തിൽ തന്നെ ദാനിയേൽ തന്റെ ജനത്തിന് വരാനിരിക്കുന്ന ഭീതികരമായ വെളിപ്പാടുകളാൽ ഭയചകിതനായി ദൂതനോട് ക്ഷമാപനം നടത്തുന്നുണ്ട്. എന്നാൽ വെളിപ്പാടുകളുടെ അവസാനത്തിൽ കൂടുതൽ ദർശനത്തിനായി താൻആയിരിക്കുന്നു. ചോദ്യത്തിന് മറുപിടിയായി ദാനിയേലിനോട് പറയുന്നത് കൊടുത്ത ദർശനം ആധികാരികവും തനിക്ക് മതിയായതുമെന്നാണ്. ഈ വെളിപ്പാടുകളുടെ പ്രാഥമിക ഉദ്ദേശ്യം എന്നത് ആ കാലത്ത് ജീവിച്ചിരിക്കുന്നവരെ ഒന്നിയിക്കുക എന്നതായിരുന്നു. അവസാന പ്രവചനങ്ങൾ മനസ്സിലാക്കുന്നതിന് മുമ്പേ പ്രവചനങ്ങൾ ചരിത്രത്തിൽ സാധൂകരിക്കപ്പെടുന്നത് ഉറപ്പിക്കുവാൻ കൂടിയാണിത്.

# പ്രത്യാശ തീരത്ത്

**സിസ്റ്റർ മേരിക്കുട്ടി എബ്രഹാം**



**കോട്ടയം:** കാരിത്താസ് ആശുപത്രിയിൽ ക്യാൻസർ ചികിത്സയിലായിരുന്ന പാറത്തോട് ബ്രദറൺ സഭാംഗമായ ബ്രദർ എബ്രഹാം സാമുവലിന്റെ ഭാര്യ സിസ്റ്റർ മേരിക്കുട്ടി എബ്രഹാം കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പാറത്തോട് ബ്രദറൺ ചർച്ചുമായി ചേർന്ന് വിവിധ തലങ്ങളിൽ ദൈവത്തെ സേവിക്കുന്ന വളരെ ആത്മീയതയുള്ള വ്യക്തിയും പാറത്തോട്, കാഞ്ഞിരപ്പള്ളി, കോട്ടയം അസംബ്ലികളുമായി ബന്ധപ്പെട്ട് VBS, സിസ്റ്റേഴ്സ് മീറ്റിംഗുകൾ നടത്തുന്നതിൽ വളരെ സജീവമായിരുന്നു സഹോദരി.
ശവസംസ്കാരം പാറത്തോട് ബ്രദറൺ ചർച്ചിൽ നടത്തുകയും വണ്ടംപതാൽ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിക്കുകയും ചെയ്തു.

**ബ്രദർ ജോസഫ്**




**ചാത്തംകുളം:** താളിക്കോട് ഇമ്മാനുവേൽ ബ്രദറൺ ചർച്ച് അംഗം തടത്തിൽ ശമുവേലിന്റെ മകൻ ജോസഫ് (മാത്യൂസ് 65) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷകൾ ജൂൺ 4ന് താളിക്കോട് ബ്രദറൺ ചർച്ചിൽ നടത്തി തുടർന്ന് ചവറാം പാടം ക്രിസ്ത്യൻ ബ്രദറൺ സെമിത്തേരിയിൽ സംസ്കാരം നടത്തി.

**ബ്രദർ കെ. പി. ജോർജ്ജുകുട്ടി**



**പത്തനംതിട്ട:** മല്ലശ്ശേരി ബ്രദറൺ അസംബ്ലിയിലെ ഇവാ. എബി കെ ജോർജ്ജിന്റെ പിതാവ് മല്ലശ്ശേരി ബ്രദറൺ അസംബ്ലിയിലെ മൂപ്പന്മാരിൽ ഒരാളായ ബ്രദർ കെ. പി. ജോർജ്ജുകുട്ടി (74) ജൂൺ 13ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ലിവർ ക്യാൻസറിന് ചികിത്സയിലായിരുന്നു.
ജൂൺ 18ന് ശവസംസ്കാര ശുശ്രൂഷ മല്ലശ്ശേരി ബ്രദറൺ അസംബ്ലി ഹാളിൽ നടത്തി. മല്ലശ്ശേരി ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.
**ഭാര്യ:** സിസ്റ്റർ സൂസമ്മ ജോർജ്ജ്
**മക്കൾ:** ഇവാ. എബി. കെ. ജോർജ്ജ് & സിസ്റ്റർ ഹെലൻ സിസ്റ്റർ ഫെബ സൂസൻ സാമുവൽ & ജിജി ജോർജ്ജ് സാമുവൽ.

**ഇവാ. ഫിലിപ്പ് എബ്രഹാം**



**ഗോവ:** പരേതനായ അവറാച്ചൻ ഉപദേശിയുടെ മകൻ ഇവാ. ഫിലിപ്പ് എബ്രഹാം (94) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.
**മകൻ:** Dr. ജോൺസൺ സി ഫിലിപ്പ്.

**സിസ്റ്റർ അന്നമ്മ മാത്യു**



**പങ്കട:** പാമ്പാടി ശാലോം ബ്രദറൺ അസംബ്ലി അംഗം ബ്രദർ എ. എം. മാത്യുവിന്റെ ഭാര്യ സിസ്റ്റർ അന്നമ്മ മാത്യു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.
ശവസംസ്കാരം നടത്തി.

**സിസ്റ്റർ സൂസമ്മ മാത്യു**



**കണ്ടൻപേരൂർ:** കണ്ടൻപേരൂർ ബ്രദറൺ ചർച്ച് അംഗം പുതുപറമ്പിൽ പുത്തൂർ ഹൗസിൽ സിസ്റ്റർ ബ്രദർ ജോൺ മാത്യുവിന്റെ ഭാര്യ സിസ്റ്റർ സൂസമ്മ മാത്യു(64) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.
ശവസംസ്കാരം കണ്ടൻപേരൂർ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ നടത്തി.
**മക്കൾ:** ബ്രദർ റോണി മാത്യു & സിസ്റ്റർ ക്രിസ്റ്റി മാത്യു, സിസ്റ്റർ റീബ ടോമി & ബ്രദർ സജിത് ടോമി.

**സിസ്റ്റർ ലീലാമ്മ തോമസ്**



**ഇരിട്ടി:** എരുത്തുകടവ് ബ്രദറൺ അസംബ്ലി അംഗം കരുവേലിൽ ബ്രദർ കെ. സി. തോമിസിന്റെ ഭാര്യ സിസ്റ്റർ ലീലാമ്മ തോമസ് (65) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഡെങ്കിപ്പനിമൂലം ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ജൂൺ 10ന് എരുത്തകടവ് ബ്രദറൺ സെമിത്തേരിയിൽ ശവസംസ്കാരം നടത്തി.
**മക്കൾ:** ബ്രദർ വിജോയ് & സിസ്റ്റർ സിജി, ബ്രദർ ബിജോയ് & സിസ്റ്റർ രാജി, സിസ്റ്റർ റീന & ബ്രദർ അജേഷ്

**സിസ്റ്റർ എൽസമ്മ ജോസഫ്**



**രാജപുരം:** രാജപുരം ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി അംഗം ബ്രദർ ജോസഫ് മാത്യുവിന്റെ ഭാര്യ സിസ്റ്റർ എൽസമ്മ ജോസഫ് (63) ജൂൺ 12ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ജൂൺ 16ന് മാ ങ്ങോട് ബ്രദറൺ സെമിത്തേരിയിൽ നടത്തി.
**മക്കൾ:** സിസ്റ്റർ ലീന & ബ്രദർ ഷാജി, ബ്രദർ ലിജോ & സിസ്റ്റർ ആശ, സിസ്റ്റർ ലിൻസി & റിജോയ്സൺ.

**സിസ്റ്റർ റോസമ്മ**



**വാലാച്ചിറ:** തലയോലപ്പറമ്പ് ബ്രദറൺ അസംബ്ലി അംഗം ഞാറക്കാട്ടിൽ സിസ്റ്റർ റോസമ്മ (68) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം ജൂൺ 1 ന് നടത്തി.

**സിസ്റ്റർ ബേബി തോമസ്**



**ഇരവിമംഗലം:** തൃശൂർ സിറ്റി ബ്രദറൺ അസംബ്ലി അംഗം തടത്തിൽ ഹൗസിൽ സിസ്റ്റർ ബേബി തോമസ് (69) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം മെയ് 27ന് സിറ്റി ബ്രദറൺ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ നടത്തി.

**സിസ്റ്റർ കുഞ്ഞമ്മ ജോർജ്ജ്**



**ഓമല്ലൂർ:** പത്തനംതിട്ട മഞ്ഞിനിക്കര ബ്രദറൺ സഭാംഗം പരേതനായ എം. ഐ. ജോർജ്ജിന്റെ ഭാര്യ സിസ്റ്റർ കുഞ്ഞമ്മ ജോർജ്ജ് (97) ജൂൺ 10ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ജൂൺ 15ന് മഞ്ഞിനിക്കര ബ്രദറൺ ചർച്ച് സെമിത്തേരിയിൽ സംസ്കാരം നടത്തി.
**മക്കൾ:** പരേതനായ ജോർജ്ജ് സാമുവൽ & സിസ്റ്റർ ഗ്രേസ് സാമുവൽ, സിസ്റ്റർ ഗ്രേസി ബേബി & ബ്രദർ എം. എ ബേബി, സിസ്റ്റർ ജോയമ്മ പൗലോസ്, ബ്രദർ ഇ. എം. പൗലോസ്, ബ്രദർ ജോൺസൺ റോയ് & സിസ്റ്റർ സിസ്സി ജോൺസൺ, സിസ്റ്റർ സൂസൻ മാത്യു & ബ്രദർ തോമസ് മാത്യു.

**ബ്രദർ കെ. സി. സാബു**



**കാഞ്ഞിരപ്പള്ളി:** കൂവപ്പള്ളി ബ്രദറൺ അസംബ്ലി സുവിശേഷകൻ ഇവാ. കെ. സി. സാബു (52) ഹൃദയാഘാതത്തെത്തുടർന്ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷകൾ ജൂൺ 10 ന് വാകത്താനം പിച്ചനാട്ടുകുളം ബ്രദറൺ അസംബ്ലിയിൽ നടത്തി.
**ഭാര്യ:** സിസ്റ്റർ മിനി
**മക്കൾ:** സിസ്റ്റർ സോന സാബു, ബ്രദർ തിമോത്തി സാബു.

**സിസ്റ്റർ ഗ്രേസി സാമുവൽ**



**കഞ്ഞിക്കുഴി:** കോട്ടയം ബ്രദറൺ അസംബ്ലി അംഗം പരേതനായ എം സാമുവലിന്റെ ഭാര്യ (അപ്പായിച്ചൻ) സിസ്റ്റർ ഗ്രേസി സാമുവൽ (79) 18ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.
ജൂൺ 21 ന് കോട്ടയം മാങ്ങാനത്തെ ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്ക്കാരം നടത്തി.
**മക്കൾ:** ബ്രദർ എൽസൺ & സിസ്റ്റർ റെജി ജോൺസൺ, ബ്രദർ ബ്ലെസൻ & സിസ്റ്റർ ബിജു എബ്രഹാം. ബ്രദർ സാം & സിസ്റ്റർ ബീന.

**ബ്രദർ എം. പി. ജോയ്**



**പൊള്ളാച്ചി:** ഇവാ. ഷാജി. ജെ. പോളിന്റെ പിതാവ് എം. പി. ജോയ് (69) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര നടത്തി.
**ഭാര്യ:** സിസ്റ്റർ റോസി ജോയ്.

**സിസ്റ്റർ ഫേബ ജോയ്**



**മുളന്തുരുത്തി:** മാമല ബ്രദറൺ അസംബ്ലി അംഗം ബ്രദർ ജോയ് എബനേസറിന്റെ ഭാര്യ സിസ്റ്റർ ഫേബ ജോയ് (48) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ മെയ് 30 ന് ശാസ്താമുകൾ മാമല ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കാരം നടത്തി.
**മക്കൾ:** സിസ്റ്റർ കൃപ, ബ്രദർ ഗോഡ്വിൻ.

**സിസ്റ്റർ ലാലി ബാബു**



**പത്തനംതിട്ട:** നന്നുവക്കാട് ബ്രദറൺ അസംബ്ലി അംഗം ബ്രദർ പി. ചാക്കോ ബാബുവിന്റെ ഭാര്യ സിസ്റ്റർ ലാലി ബാബു (62) ജൂൺ 13ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ജൂൺ 17ന് ശവസംസ്കാര ശുശ്രൂഷ നടത്തി.

**ബ്രദർ തോമസ് മാത്യു**



**മുംബൈ:** മൈലപ്ര ബ്രദറൺ അസംബ്ലി അംഗം പരേതനായ ടി. കെ. തോമസിന്റെ മകൻ മുംബൈ ഫോർട്ട് അസംബ്ലിയിലെ ബ്രദർ തോമസ് മാത്യൂസ് (ബേബിക്കുട്ടി-88) ജൂൺ 11 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ജൂൺ 13ന് (വ്യാഴം) കർണാടക ബെൽഗാമിന് സമീപമുള്ള ശങ്കേശ്വരിൽ ശവസംസ്കാരം നടത്തി.
**മകൻ:** ബ്രദർ ഡേവിഡ്

**ബ്രദർ ജേക്കബ് ജി ജോൺ**



**വപ്പാല:** ചേപ്രയിലെ ബ്രദറൺ അസംബ്ലി അംഗം ബ്രദർ ജേക്കബ് ജി ജോൺ (തങ്കച്ചൻ 87) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ജൂൺ 15ന് നടത്തി.
**മക്കൾ:**ബ്രദർ ബിജു, ബ്രദർ റെജി, സിസ്റ്റർ ഷീജ, സിസ്റ്റർ റോസമ്മ, സിസ്റ്റർ ലീന, ബ്രദർ ഷാജി.

**ബ്രദർ തോമസ് മാത്യു**



**റാന്നി:** ചെത്തക്കൽ ക്രിസ്ത്യൻ ബ്രദറൺ ചർച്ച് അംഗം ബ്രദർ തോമസ് മാത്യു(87 ജോയിക്കുട്ടി) ജൂൺ 16ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ജൂൺ 20ന് ശവസംസ്കാരം നടത്തി.
**ഭാര്യ:** സിസ്റ്റർ ആലീസ് തോമസ്
**മക്കൾ:** സിസ്റ്റർ ജൂലി ഐസക്ക് & ബ്രദർ ഐസക്ക് ജോൺ, സിസ്റ്റർ ജെന്നിഫർ ജോബ് സാമുവൽ & ബ്രദർ ജോബ് സാമുവൽ, ബ്രദർ ജെറി തോമസ് & സിസ്റ്റർ ലിനി ജോൺ.

**ബ്രദർ ഇവാ. ഭവാനി സിംഗ്**



**മധ്യപ്രദേശ്:** ഇവാ. ഭവാനി സിംഗ് ജൂൺ 9ന് ഒരപകടത്തിൽപെട്ട് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.
സംസ്കാരം ജൂൺ 10ന് സ്വവസതിയിൽ നടത്തി.

**സിസ്റ്റർ അന്നമ്മ ജേക്കബ്**



**മൂവാറ്റുപുഴ:** കുന്നക്കൽ ബ്രദറൺ അസംബ്ലി അംഗം ബ്രദർ കെ. സി. ജേക്കബിന്റെ ഭാര്യ സിസ്റ്റർ അന്നമ്മ ജേക്കബ് (88) മെയ് 22ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ മെയ് 25ന് വാളകം ബ്രദറൺ സെമിത്തേരിയിൽ നടത്തി.
**മക്കൾ:** സിസ്റ്റർ വത്സ രാജു & ബ്രദർ രാജു വർഗീസ്, ബ്രദർ ഗോഡ്ലി ജേക്കബ്, & സിസ്റ്റർ വൽസ ഗോഡ്ലി, സിസ്റ്റർ ഗ്ലോറി ടോം & ബ്രദർ ടോം മട്ടക്കൽ, സിസ്റ്റർ ഡെയ്സി ജോർജ് & ബ്രദർ ജോസഫ് ജോർജ് (ജീമോൻ), സിസ്റ്റർ ബിൻസി ഡാനിയൽ & ബ്രദർ ഡാനിയൽ ടി. ബേബി (ഡെന്നി).

**ബ്രദർ കൊച്ചുകുഞ്ഞ് പി**



**മാവേലിക്കര:** കണ്ണാട്ടുമോടി ബ്രദറൺ അസംബ്ലി അംഗം പൊന്നൂട്ടി പറമ്പിൽ ഹൗസിൽ ബ്രദർ കൊച്ചുകുഞ്ഞ് പി. (കുഞ്ഞുമോൻ 61) ജൂൺ 16ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം ജൂൺ 17ന് തിരുവല്ല കവിയൂർ മുട്ടത്തുപാറ ബ്രദറൺ സെമിത്തേരിയിൽ നടത്തി.
**ഭാര്യ:** പരേതയായ പി. സാറാമ്മ കൊച്ചുകുഞ്ഞ്(പൊന്നമ്മ)
**മക്കൾ:** സിസ്റ്റർ ജിൻസി & ബ്രദർ ബേസിൽ ജോർജ്, ബ്രദർ ജിജോ കെ എസ്.

**സിസ്റ്റർ സാറാമ്മ ജോൺസൺ**



**തിയാടിക്കൽ:** വലിയകുന്നം ബ്രദറൺ സഭാംഗമായ കുഴിവേലികാവുങ്കൽ വീട്ടിൽ ജോൺസന്റെ ഭാര്യ സാറാമ്മ ജോൺസൺ (63) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.
സംസ്കാര ശുശ്രൂഷ ജൂൺ 17ന് വലിയകുന്നം ബ്രദറൺ ചർച്ചിന്റെ ആഭിമുഖ്യത്തിൽ നടത്തി.
**മക്കൾ:** ബ്രദർ ബിനോയി, സിസ്റ്റർ ജോയ്സ്, സിസ്റ്റർ മെറീന

**സിസ്റ്റർ പി സി അന്നമ്മ**



**ചേത്തയ്ക്കൽ:** ചേത്തയ്ക്കൽ ക്രിസ്ത്യൻ ബ്രദറൺ സഭാംഗം പ്ലാത്താനത്ത് കളരിക്കൽ പി. സി. അന്നമ്മ (88) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം ജൂൺ 19ന് ചേത്തയ്ക്കൽ ബ്രദറൺ സെമിത്തേരിയിൽ നടത്തി.

# പ്രാർത്ഥന – സഹായം

## പ്രാർത്ഥന അഭ്യർത്ഥന

**കൊല്ലിയോട്:** കൊല്ലിയോട് ബ്രദറൺ അസംബ്ലിയിലെ മൂപ്പന്മാരിൽ ഒരാളായ ബ്രദർ അശോകൻ ജി വീടിനു മുകളിൽ നിന്നും വീണ് 10 മാസമായി ചികിത്സയിലായിരുന്നു. ഒരു ശസ്ത്രക്രിയ ആവശ്യമാണെന്ന് ഡോക്ടേഴ്സ് അറിയിച്ചിരുന്നു. എത്രയും വേഗം സൗഖ്യമാവാൻ പ്രാർത്ഥിക്കുക.

## ഭവന നിർമ്മാണത്തിനായി കൈകോർക്കാം

**വടകര:** സുവിശേഷകൻ N.K. Babu കഴിഞ്ഞ 24 വർഷമായി കർത്താവിന്റെ വേലയിലായിരിക്കുന്നു. കോഴിക്കോട് ജില്ലയിലെ പ്രവർത്തനഫലമായി രൂപീകൃതമായ വടകര സഭയുടെ ശുശ്രൂഷകനായി ഇപ്പോൾ തുടരുന്നു. കഴിഞ്ഞ 4 വർഷം മുമ്പ് ഒരു വീടിന്റെ പണി ആരംഭിച്ചിരുന്നു. താമസയോഗ്യമാകും വിധം പൂർത്തികരിക്കാൻ കഴിയാതെ പാതി വഴിയിൽ ആയിരിക്കുന്നു. 1000 സ്കൊയർ ഫീറ്റിലുള്ള ഈ വീടിന്റെ വാർപ്പ് വരെയായി 3 ലക്ഷം രൂപയും കൂടി ഉണ്ടെങ്കിൽ അത്യാവശ്യ പണികൾ പൂർത്തിയാക്കാൻ സാധിക്കും. പ്രിയ ദൈവജനം ഈ വിഷയത്തിൽ പ്രാർത്ഥനയിൽ ഓർക്കുന്നതോടൊപ്പം സാമ്പത്തികമായ ഒരു കൈതാങ്ങൽ നൽകി സഹായിക്കണമേ എന്ന് കർത്തൃനാമത്തിൽ അപേക്ഷിക്കുന്നു.

**വട്ടപ്പാറ:** തിരുവനന്തപുരം ജില്ലയിൽ വട്ടപ്പാറ Brethren സഭ സുവിശേഷകനായി പ്രവർത്തിക്കുന്ന സത്യദാസ് ഇപ്പോൾ താമസിച്ചു കൊണ്ടിരിക്കുന്ന ഭവനത്തിൽ സൗകര്യക്കുറവ് ഉള്ളതിനാൽ ഒരു ബെഡ്റൂമും ഒരു ബാത്റൂമും നേരത്തെ പണിതതിൽ കുറവ് തീരാത്ത ബാക്കി പണികളും ചെയ്യുന്നതിനു വേണ്ടി ഏകദേശം മൂന്ന് ലക്ഷം രൂപയോളം ചിലവ് വരും സഹോദരന് സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് ഉള്ളതിനാൽ ഈ കാര്യത്തിൽ സഹോദരനെ ഓർത്ത് സഭയായും വ്യക്തികളായും പ്രാർത്ഥിക്കുകയും സാമ്പത്തികമായി സഹായിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

## ഇവാ. എബിവേലായുധൻ, സേലം

**സേലം:** ഇവാ. എബി വേലായുധത്തിന്റെ ഭാര്യ സിസ്റ്റർ നിത്യ എബിക്കായി പ്രാർത്ഥിക്കുക. തൈറോയ്ഡ് ഗ്രന്ഥിയിൽ ക്യാൻസർ സ്ഥിരീകരിച്ചു. ചികിത്സാ നടപടികൾ വേഗത്തിൽ നടക്കുന്നതിനും പൂർണമായ വിടുതലിനായും പ്രാർത്ഥിക്കുക.

## ഇവാ. ജോസ് എം. കെ, ബുധനൂർ

**ബുധനൂർ:** പാണ്ടനാട് സൗത്ത് ഇമ്മാനുവൽ ബ്രദറൺ അസംബ്ലി സുവിശേഷകൻ ഇവാ. ജോസ് എം. കെ. ജൂൺ 20ന് (വ്യാഴം) കല്ലിശ്ശേരി കെ. എം. ചെറിയാൻ ഹോസ്പിറ്റലിൽ ഒരു ഹൃദയ ശസ്ത്രക്രിയ നടത്തി. അദ്ദേഹത്തിന്റെ പൂർണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




## അപകടം, സൗഖ്യത്തിനായി പ്രാർത്ഥിക്കുക

**വേദാരണ്യം:** അയക്കരൻപുലം ബ്രദറൺ അസംബ്ലി അംഗങ്ങളായ ഇവാ. രവികുമാറിനും ഇവാ. പാണ്ഡ്യനും മെയ് 31ന് ഒരപകടമുണ്ടായി. പുതുക്കോട്ടയിൽ ഒരു ഔട്ട്റീച്ച് ശുശ്രൂഷ നടത്തി മടങ്ങവേയായിരുന്നു അപകടം. തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ ഇവാ. പാണ്ഡ്യനെ ഇപ്പോൾ തിരുത്തുറൈപൂണ്ടി സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഇവാ. രവികുമാറിനും പരിക്കുകൾ ഉള്ളതിനാൽ അതേ ആശുപത്രിയിൽ ചികിത്സയിലാണ്. ഇരുവരുടെയും പൂർണ സൗഖ്യത്തിനായി ഏവരും പ്രാർത്ഥിക്കുക.

## നന്ദി, തുടർന്നും പ്രാർത്ഥിക്കുക

**കോതമംഗലം:** പുന്നേക്കാട് ബ്രദറൺ ചർച്ച് അംഗം സോണിയ കുര്യൻ (39) തലച്ചോറിലുണ്ടായ രക്തസ്രാവത്തെത്തുടർന്ന് എറണാകുളം മെഡിക്കൽ ട്രസ്റ്റിലും തിരുവനന്തപുരം ശ്രീചിത്രയിലും ചികിത്സയിലായിരുന്നു. ഇപ്പോൾ ഡിസ്ചാർജ് ആയി. പൂർണമായ സൗഖ്യത്തിനായി എല്ലാവരും പ്രാർത്ഥിക്കുക. ഇതുവരെ പ്രാർത്ഥിച്ച ഏവർക്കും നന്ദി അറിയിക്കുന്നു.

## വിനോദയാത്രക്കിടെ അപകടം

**ബെൽഗാം:** ബ്രദർ ശലോമൻ ജമ്മുല(36)ക്കായി പ്രാർത്ഥിക്കുക. വിനോദയാത്രക്കിടെ അദ്ദേഹവും രണ്ടു പെൺമക്കളും തടാകത്തിൽ മുങ്ങി. മൂത്ത മകൾ ഫിയോണയെ (11) രക്ഷിക്കാനായില്ല നിത്യതയിൽ ചേർക്കപ്പെട്ടു. ബ്രദർ ശലോമോൻ ഗുരുതരാവസ്ഥയിൽ ഐ. സി. യുവിലാണ്. ഏവരുടെയും പ്രാർത്ഥനയും സാമ്പത്തിക പിന്തുണയും അഭ്യർത്ഥിക്കുന്നു.

Saloman Jammula
SB Account Number: 10911325760
Bank: State Bank of India
IFS Code: SBIN0000816
Branch: Belgaum

## രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കുക

**പത്തനംതിട്ട:** ഇവാ. എബി. കെ. ജോർജ്ജിന്റെ പിതാവ് ബ്രദർ കെ. പി. ജോർജ്ജുകുട്ടിക്കായി പ്രാർത്ഥിക്കുക. ലിവർ ക്യാൻസർ മൂലം ഭാരപ്പെടുന്നു. രക്തം ഛർദ്ദിച്ചതിനെത്തുടർന്ന് കഴിഞ്ഞ ദിവസം അദ്ദേഹത്തെ പത്തനംതിട്ട മുത്തൂറ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. പൂർണമായ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## സിസ്റ്റർ അന്നാമ്മ, എരുമേലി

**എരുമേലി:** എരുമേലി പൊരുൻമല ബ്രദറൺ സഭാംഗം ബ്രദർ സാംകുട്ടിയുടെ ഭാര്യ സ്തനാർബുദത്തെ തുടർന്ന് ചികിത്സയിലാണ്. സഹോദരിയുടെ ഭർത്താവ് ബ്രദർ സാംകുട്ടിക്ക് ഹൃദയ വാൽവ് രോഗമുള്ളതിനാൽ ശസ്ത്രക്രിയ ആവശ്യമാണ്. എന്നാൽ സിസ്റ്റർ അന്നമ്മയുടെ അസുഖത്തെ തുടർന്ന് ശസ്ത്രക്രിയ മാറ്റിവെച്ചിരിക്കുകയാണ് അവർക്ക് രണ്ട് പെൺമക്കളാണ് ഒരാൾ 12-ാം ക്ലാസിലും മറ്റൊരാൾ പത്താം ക്ലാസിലും പഠിക്കുന്നു. ബ്രദർ സാംകുട്ടി ദിവസവേതനത്തിലൂടെയാണ് കുടുംബം പോറ്റിയിരുന്നത്. അന്നമ്മയുടെ ശസ്ത്രക്രിയയ്ക്കിടെ സഹവിശ്വാസികളിൽ നിന്ന് ലഭിച്ച പിന്തുണയ്ക്ക് കുടുംബം നന്ദി പറയുന്നു. തുടർ ചികിത്സയ്ക്കായി ദൈവജനത്തിൽ നിന്ന് പ്രാർത്ഥനകളും സാമ്പത്തിക സഹായവും അഭ്യർത്ഥിക്കുന്നു.

Account Details:
Name: Annamma John
SBAccountNumber : 0643096963
Bank: State Bank of India
IFS Code: SBIN0070098
Branch: Vennikulam

## അപകടം, പ്രാർത്ഥിക്കുക

**വെണ്ണിക്കുളം:** എരുമേലി പൊരുൻമല ബ്രദറൺ അസംബ്ലിയിലെ സുവിശേഷകൻ മടുക്കപ്പുഴ ബ്രദറൺ അസംബ്ലി അംഗം ഇവാ. അനീഷ് പി തോമസിനായി പ്രാർത്ഥിക്കുക. മെയ് 31 ന് പ്രാർത്ഥനാ യോഗത്തിന് പോകുമ്പോൾ റാന്നി പൂവൻമലയിൽ വെച്ച് ബൈക്ക് ആംബുലൻസുമായി കൂട്ടിയിടിച്ചതിനെ തുടർന്ന് ഗുരുതരമായി പരിക്കേറ്റ അദ്ദേഹത്തെ തിരുവല്ല ടി എം എം ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു.

## സിസ്റ്റർ സുചിസ്മിതാ, അലിപുർദൂർ

**വെസ്റ്റ് ബംഗാൾ:** ഇവാ. ഉത്പൽ ദാസിന്റെ ഭാര്യ സിസ്റ്റർ സുചിസ്മിത ദാസിനായി പ്രാർത്ഥിക്കുക. പിത്തസഞ്ചിയിൽ കല്ലുകളുള്ളതിനാൽ ശസ്ത്രക്രിയ നടത്തിയിരുന്നു. പ്രാർത്ഥിച്ച ഏവർക്കും കുടുംബം നന്ദി അറിയിച്ചു. തുടർന്നും പ്രാർത്ഥിക്കുക.

## നന്ദി, തുടർന്നും പ്രാർത്ഥിക്കുക

**ഒഡീഷ:** ഇവാ. മസിഹ് ദാസിന്റെ ഭാര്യ സിസ്റ്റർ എൽസി ജോസഫിനായി പ്രാർത്ഥിക്കുക. ജൂൺ 18ന് വെല്ലൂർ സി. എം. സി ആശുപത്രിയിൽ തുടർ ചികിത്സകൾക്കായി പോകുന്നു. പൂർണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഇതുവരെയുള്ള പ്രാർത്ഥനകൾക്കും സഹായിത്തിനും ഒരിക്കൽ നന്ദി.

## ശസ്ത്രക്രിയക്കായി പ്രാർത്ഥിക്കുക

**ചെന്നൈ:** ഇവാ. കെ. എ മാത്യുവിന്റെ മകൻ ക്രിസ്റ്റഫർ മാത്യു(ബോണി-34) വിനായി പ്രാർത്ഥിക്കുക ക്രോണിക് കിഡ്നി ഡിസീസ്- (ഘട്ടം 5D) മൂലം ഭാരപ്പെടുന്നു. ഇതിനായി ചെന്നൈ അപ്പോളോയിൽ ആദ്യം പരിശോധനകൾ നടത്തുകയും ഉടൻ തന്നെ ഡയാലിസിസ് ആരംഭിക്കുകയും ചെയ്തു. രണ്ട് വൃക്കകളും തകരാറിലാണ്. ട്രാൻസ്പ്ലാന്റ് ചെയ്യുന്നതുവരെ ഡയാലിസിസ് തുടരുക എന്നതായിരുന്നു ഏക പ്രതിനിധി അതിനാൽ, അപ്പോളോയിൽ ഡയാലിസിസ് തുടർന്നു. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി തയ്യാറെടുക്കുന്നു. ഭാര്യ ഫെബ സാറ തന്റെ വൃക്ക നൽകാൻ സന്നദ്ധയായിരുന്നു. പൂർണ സൗഖ്യത്തിനായും പ്രാർത്ഥിക്കുക.

## മാസ്റ്റർ അബ്നറിനായി പ്രാർത്ഥിക്കുക

**ആലപ്പുഴ:** ആലപ്പുഴ ബ്രദറൺ അസംബ്ലി അംഗം ബ്രദർ സുബിൻ തങ്കച്ചന്റെ മകൻ മാസ്റ്റർ അബ്നറിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ രണ്ട് മാസമായി കാഴ്ച വൈകല്യങ്ങളും നടക്കാനുള്ള ബുദ്ധിമുട്ടുകളാലും ഭാരപ്പെടുന്നു. എം. ആർ. ഐ. ആസ്കാനിങ്ങിൽ തലയിൽ വലിയ മുഴ കണ്ടെത്തി. റേഡിയേഷൻ തെറാപ്പി മാത്രമാണ് ഏക ചികിത്സാ ഉപാധി. പൂർണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ശസ്ത്രക്രിയ നടത്താൻ ചികിത്സാസഹായം തേടുന്നു

**രാജസ്ഥാൻ:** ഇവാ. തങ്കച്ചൻ വൈ. ക്കുവേണ്ടിയുള്ള പ്രാർത്ഥന തുടരുക. അദ്ദേഹം വളരെ നാളുകളായി വെല്ലൂർ ആശുപത്രിയിൽ ചികിത്സയിലാണ്. അദ്ദേഹത്തിന് ഇപ്പോൾ ഒരു ശസ്ത്രക്രിയ ആവശ്യമാണ്, അതിനാവശ്യമായ തുക കണ്ടെത്താൻ സാധിച്ചിട്ടില്ല. ദൈവജനം അദ്ദേഹത്തിനായി പ്രാർത്ഥിക്കുകയും സാമ്പത്തിക സഹായങ്ങൾ നൽകണമെന്നും അഭ്യർത്ഥിക്കുന്നു. അദ്ദേഹത്തിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ചുവടെ നൽകുന്നു.

Name as in the Bank account: Thankachan Yohannan
SB Account Number: 30368451146
Bank: State Bank of India
Branch: Bhilwara Main Branch
IFS Code: SBIN0006335

## എസ്. ബി. എസ് ക്യാമ്പ് അനുഗ്രഹത്തിന് പ്രാർത്ഥനാ സമ്മേളനം

**ചെറിയനാട്:** സുവിശേഷകൻ ബാലസംഘം സൗത്ത് ഡിവിഷന്റെ ആഭിമുഖ്യത്തിൽ 2024 സെപ്തംബർ 18 മുതൽ 21 വരെ പുത്തൻകാവ് ക്യാമ്പ് സെന്ററിൽ വെച്ച് നടത്തപ്പെടുന്ന ക്യാമ്പിന്റെ അനുഗ്രഹത്തിനായിട്ടുള്ള രണ്ടാമത്തെ പ്രാർത്ഥനാ കൂടിവരവ് മെയ് 27 തിങ്കളാഴ്ച വൈകുന്നേരം 6 മുതൽ 8 മണിവരെ ചെറിയനാട് ബ്രദറൺ സഭാഹാളിൽ വെച്ച് നടത്തി. പ്രസ്തുത യോഗത്തിൽ സുവി. പി. ജി. ജെയിംസ് (പത്തനംതിട്ട) ദൈവവചനം ശുശ്രൂഷിച്ചു.

## ഒറ്റപ്പാലം ബ്രദറൺ സഭ

**ഒറ്റപ്പാലം:** കഴിഞ്ഞ 16 മാസമായി ഒറ്റപ്പാലം കണ്ണിയംപുറത്ത് ബഥേൽ ബ്രദറൺ ചർച്ച് എന്ന പേരിൽ ദൈ വത്തെ ആരാധിച്ചു വന്ന ദൈവജനം സുവിശേഷവേലയുടെ അഭിവൃദ്ധി ലക്ഷ്യമാക്കി, ഇരു സഭകളും ഒരുമിച്ച് തീരുമാനിച്ച പ്രകാരം ഇപ്പോൾ ഒറ്റപ്പാലം സഭയുമായി ചേർന്ന് ദൈവത്തെ ആരാധിച്ചു വരുന്നു എന്നുള്ള കാര്യം ദൈവജനത്തിന്റെ അറിവിലേക്കായി പ്രസ്താവിക്കുന്നു.

തുടർന്ന് കണ്ണിയംപുറം ബഥേൽ ബ്രദറൺ ചർച്ച് എന്ന പേരിൽ സഭാ കൂടിവരവ് ഉണ്ടായിരിക്കുന്നതല്ല. ഒറ്റപ്പാലം ബ്രദറൺ അസ്സംബ്ലിയേയും പ്രവർത്തനങ്ങളെയും ഓർത്ത് പ്രാർത്ഥിക്കണമേ.

OTTAPALAM BRETHREN ASSEMBLY
PO Box. No.6
Ottapalam Po.
Palakkad Dt.
Pin. 679101- KERALA






## SSLC, + 2, അവാർഡ്ദാനവും YBS സർട്ടിഫിക്കറ്റ് ദാനവും

**പത്തനംതിട്ട:** പത്തനംതിട്ട സെന്ററിലെ 25 സ്ഥലം സഭകളിലുള്ള എസ് എസ് എൽ സി, +2 പാസായ എല്ലാ വിദ്യാർത്ഥികൾക്കും ഈ വർഷവും സർട്ടിഫിക്കറ്റ് നൽകി അനുമോദിക്കുകയും അവരെ ദൈവകരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെ യ്യുന്നു. ജൂലൈ 7ന് വൈകിട്ട് 4.30 മുതൽ 8 മണി വരെയാണ് സമ്മേളനം ക്രമീകരിച്ചിരിക്കുന്നത്.

കൂടാതെ ഓൺലൈൻ ആയി നടത്തിക്കൊണ്ടിരിക്കുന്ന യൂ ത്ത് ബൈബിൾ സ്കൂളിന്റെ (YBS) സർട്ടിഫിക്കറ്റ് വിതരണവും ഉണ്ടായിരിക്കുന്നതാണ്. YBS അക്കാഡമിക്ക് ഡീൻ Bro. ധർമ്മരാജ് ഗംഗാധരൻ ഇതിന് നേതൃത്വം നൽകും.

അതോടനുബന്ധിച്ച് എല്ലാ സഹോദരി സഹോദരന്മാർക്കും വേണ്ടി കുടുംബ സംഗമവും ക്രമീകരിച്ചിട്ടുണ്ട്. ഡോ. ജോൺ എബ്രഹാം പ്രസംഗിക്കുന്നതാണ്. പ്രസ്തുത സമ്മേളനത്തിൽ വ്യക്തികളായി കുടുംബങ്ങളായി എല്ലാ പ്രിയപ്പെട്ടവരും പ്രാർത്ഥനാപൂർവ്വം കടന്നുവന്ന് സംബന്ധിക്കണമെന്ന് സ്നേഹപൂർവ്വം താല്പര്യപ്പെടുന്നു.

## ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥനാ സമ്മേളനം

**പുത്തൻകാവ്:**സുവിശേഷകൻ ബാലസംഘം സൗത്ത് ഡിവിഷന്റെ ആഭിമുഖ്യത്തിൽ 2024 സെപ്തംബർ 18 മുതൽ 21 വരെ പുത്തൻകാവ് വെച്ച് നടത്തപ്പെടുന്ന ക്യാമ്പിന്റെ അനുഗ്രഹത്തിനായിട്ടുള്ള മൂന്നാമത്തെ പ്രാർത്ഥനാ കൂടിവരവ് 2024 ജൂൺ 17 തിങ്കളാഴ്ച വൈകുന്നേരം 6 മുതൽ 8 മണി വരെ ളാക്കാട്ടൂർ ബ്രദറൺ സഭാഹാളിൽ വെച്ച് നടത്തി. പ്രസ്തുത യോഗത്തിൽ സുവി. ഡോ. ബിനു സാമുവൽ (പത്തനംതിട്ട) ദൈവവചനം ശുശ്രൂഷിച്ചു.

## കോട്ടക്കുളം ബ്രദറൺ സഭ കുടുംബ സംഗമവും യൂത്ത് മീറ്റിങ്ങും

**കോട്ടക്കുളം:** പാലക്കാട് ജില്ലയിൽ കോട്ടക്കുളം ബ്രദറൺ സഭയിൽ ജൂൺ മാസം 1, 2 തീ യതികളിൽ കുടുംബ സംഗമവും യൂത്ത് മീറ്റിങ്ങും നടത്തുകയും കുടുംബസംഗമത്തിലും, യൂത്ത് മീറ്റിങ്ങിലും കുഞ്ഞുങ്ങൾക്കായി ക്രമീകരിച്ച പ്രത്യേക ക്ലാസുകളിലും ദൈവദാസന്മാരായ Dr. ജോൺ എബ്രഹാം, തിരുവനന്തപുരം സുവിശേഷകൻ ബിജു കണ്ണൻ, എറണാകുളം സുവിശേഷകൻ ബിനു ജോസ്, ഒറ്റപ്പാലം എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സഭയായി ആത്മീക സന്തോഷം അനുഭവിക്കാൻ ഇടയായി എന്നത് സതോത്രത്തോടെ അറിയിക്കുന്നു. മൂന്ന് പേരുടെ സ്നാനം നടക്കുവാൻ ഇടയായി സുവിശേഷകൻ സാമുവൽ പി. എബ്രഹാം സ്നാനശുശ്രൂഷ നിർവഹിച്ചു. കഴിഞ്ഞ ഒന്നര വർഷത്തിൽ അധികമായി ഇരട്ടക്കുളം എന്നു പറയുന്ന സ്ഥലത്ത് സുവി. സാമുവൽ എബ്രഹാം എന്നിവർ ചേർന്ന് സുവിശേഷ പ്രവർത്തനങ്ങൾ സജീവമായി ചെയ്തുവരുന്നു. സുവിശേഷ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുക.

## ബി. എസ്. സി. എ ബൈബിൾ ക്ലാസുകൾ ആരംഭിക്കുന്നു

**കൊട്ടാരക്കര:** ബി. എസ്. സി. എ 6-ാമത് ബാഞ്ചിലേക്കുള്ള ക്ലാസ്സുകൾ ജൂലൈ 19ന് ആരംഭിക്കും. ക്രമീകൃതമായ ദൈവശാസ്ത്ര വിഷയങ്ങൾ മലയാള ഭാഷയിൽ ലളിതമായി അഭ്യസിപ്പിക്കുന്നു. പ്രശസ്തരായ വേദാദ്ധ്യാപകർ ക്ലാസുകൾ നയിക്കുന്നു. പ്രായ-വിദ്യാഭ്യാസ-സഭാഭേദമെന്യേ താല്പര്യമുള്ള സഹോദരീ സഹോദരന്മാർക്ക് പഠിക്കാൻ അവസരം. എല്ലാ ആഴ്ചയിലും വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 3 മുതൽ 6 വരെ ക്ലാസുകൾ നടത്തും. പഠനവിഷയങ്ങളുടെ നോട്ടുകൾ ലഭ്യമാക്കുന്നു. പരീക്ഷകൾ മലയാളത്തിലോ, ഇംഗ്ലീഷിലോ എഴുതാം. ഓൺലൈൻ ക്ലാസ്സും ഉണ്ടായി രിക്കും. പഠനം സൗജന്യമാണ്. 2 വർഷം ബൈബിൾ കോളേജിൽ പഠിച്ചിട്ട് ശുശ്രൂഷ ചെയ്യുന്നവർക്ക് നിബന്ധനകളോടെ BTh. കോഴ്സിൽ അഡ്മിഷൻ നൽകുന്നു. മറ്റ് ഇതര ബൈബിൾ കോളേജുകളിൽ B.Th. കഴിഞ്ഞവർക്ക് M.Div. ന് അഡ്മിഷൻ നൽകുന്നു. എബ്രായ, ഗ്രീക്ക് ഭാഷ എഴുതുവാനും വായിക്കുവാനും പഠിപ്പിക്കുന്നു. ഗ്രീക്ക് ഭാഷ മാത്രം പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്കും അപേക്ഷിക്കാം. കോഴ്സുകൾ പൂർത്തീകരിക്കുന്നവർക്ക് Mission for Advance Theological Education (MA TE) ന്റെ അംഗീകാരമുള്ള സർട്ടിഫിക്കറ്റ് നൽകുന്നു.

(പേജ് 1 തുടർച്ച....)

സ്കൂളിലെ ആദ്യദിനം മണിപ്പൂരി കുട്ടികൾ സ്കൂൾ അസംബ്ലിയിൽ പങ്കെടുക്കുകയും ഹെഡ്മാസ്റ്റർ ശ്രീ. ഷാജി മാത്യു കുട്ടികളെ സ്വാഗതം ചെയ്യുകയും, ബിഷപ്പ്. ഡോ. തോമസ് മാർ കൂറിലോസ് മെത്രോപ്പോലീത്ത ഉദ്ഘാടന കർമ്മം നിർവഹിക്കുകയും ചെയ്തു.

തിരുവല്ല ഡി. വൈ. എസ്. പി. Mr. അർഷാദ് എസ് വേദിയിൽ പ്രസംഗിച്ചു. സത്യം മിനിസ്ട്രീസ് ചെ യർമാൻ ഡോ. C.V. വടവന, സ്കൂൾ ലോക്കൽ മാനേജർ റവ. ഫാ.വർഗീസ്, ചാമക്കാലായിൽ, തിരുവല്ല എ. ഇ. ഒ. ശ്രീമതി മിനി കുമാരി വി. കെ, സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി ജയ മാത്യൂസ്, തിരുവല്ല ബി. പി. ഒ. ശ്രീ റോയ് മാത്യൂസ്, പി. റ്റി. എ പ്രസിഡന്റ് ശ്രീ ഹരിലാൽ പി. ബി, വാർഡ് കൗൺസിലർ ശ്രീ. ലെജു എം. സക്കറിയ എന്നിവർ കുട്ടികൾക്ക് ആശംസകൾ അറിയിച്ചു. റവ. ഫാ. ഫിലിപ്പ് തയ്യില്യം നന്ദി രേഖപ്പെടുത്തി അസംബ്ലി പൂർത്തീകരിച്ചു.

ഈ കുരുന്നുകളുടെ സ്കൂളിലെ ആദ്യദിനം പോലെ എല്ലാ ദിവസവും സന്തോഷം നിറഞ്ഞതാവാൻ പ്രാർത്ഥിക്കാം.

## ബൈബിൾ ക്ലാസ്സ് നടത്തി

**മണ്ണാരത്തറ:** 2024 ജൂൺ 4 മുതൽ 8 വരെ (ചൊവ്വ-ശനി) തീയതികളിൽ മണ്ണാരത്തറ ക്രിസ്ത്യൻ ബ്രദറൺ ചർച്ചിൽ "ദൈവീക ദാനങ്ങൾ" എന്ന വിഷയത്തെ ആസ്പദമാക്കി ബൈബിൾ ക്ലാസുകൾ നടത്തി. ഇവാ. കെ. സി. ജോൺസനാണ് ക്ലാസുകൾ നയിച്ചത്.

## ബാലസംഘം പുത്തൻകാവിൽ എസ്. ബി. എസ്. ക്യാമ്പ് സെപ്റ്റംബറിൽ


**കുമ്പനാട്:** എസ്. ബി. എസ്. സൗത്ത് ഡിവിഷൻന്റെയും പ്രാദേശിക ബ്രദറൺ സഭകളുടെയും ചുമതലയിൽ 2024 സെപ്റ്റംബർ 18 ബുധനാഴ്ച വൈകുന്നേരം മുതൽ 21 ശനിയാഴ്ച വരെ പുത്തൻകാവ് ക്യാമ്പ് സെന്ററിൽ വച്ച് പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്കായി ക്യാമ്പ് നടത്തപ്പെടും.

## ഒഡീഷാ ക്യാമ്പയിൻ യാത്രയയപ്പ് സമ്മേളനം

**ഒഡീഷാ:** ഒഡീഷാ സംസ്ഥാന സുവിശേഷ പ്രവർത്തനം 2024 ജൂലൈ മാസത്തിൽ ആരംഭിക്കുവാൻ തീരുമാനിക്കുന്നു. ഈ പ്രവർത്തനത്തിന് കേരളത്തിൽ ഉപയോഗിക്കുന്ന വാഹനവുമായി സഹോദരന്മാർ ജൂൺ 27ന് യാത്രയാകുവാൻ ആഗ്രഹിക്കുന്നു. ഒഡീഷാ പ്രവർത്തനത്തിന്റെ സുഖകരമായ നടത്തിപ്പിനായും സഹോദരന്മാരുടെ യാത്രയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കുന്നതിന് ജൂൺ 26 ബുധൻ വൈകിട്ട് 6 മണിക്ക് നെല്ലിക്കുന്ന് ബ്രദറൺ ചർച്ചിൽ ഒരു മീറ്റിംഗ് നടത്തുവാൻ തീരുമാനിച്ചു. ദൈവമക്കൾ ഒഡീഷാ ഗ്രാമസുവിശേഷീകരണത്തേയും സഹോദരന്മാരുടെ വാഹനവുമായുള്ള യാത്രയേയും ഓർത്ത് പ്രാർത്ഥിക്കുക.

## ബഥനി ബൈബിൾ സ്കൂൾ ജൂൺ 3ന് ക്ലാസ്സുകൾ ആരംഭിച്ചു

**കുമ്പനാട് :** ബഥനി ബൈബിൾ സ്കൂൾ 74-ാ മതു ബാച്ചിന്റെ ക്ലാസ്സുകൾ ജൂൺ 3 തിങ്കളാഴ്ച ആരംഭിച്ചു. മലയാളം മീഡിയത്തിൽ ഒരു വർഷത്തേക്കുള്ള കോഴ്സാണിത്. സുവിശേഷകർ, വേലയ്ക്കായി സമർപ്പിച്ചവർ എന്നിവരെ കൂടാതെ ജോലിയിൽ നിന്നു വിരമിച്ചവർ, വിവിധ ശുശ്രൂഷകളിൽ ഏർപ്പെടുന്നവർ തുടങ്ങി വചനം ക്രമീകൃതമായി പഠിക്കുവാൻ ആഗ്രഹിക്കുന്ന സഹോദരന്മാരാണ് ഇവിടെ പഠിക്കുന്നത്.




യേശുവിന്റെ
ജീവവചനം
YESUVINTE JEEVAVACHANAM
അക്ഷരത്തിലൂടെ ആത്മാക്കൾ

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

Date of Publications : 25.06.2024
RNI Reg. No. KERMAL/2012/42077
Postal Reg.No:KL/TLA/236/2024-26
Licence No :KL/TLA/WPP/192/2024-26

## സുവിശേഷകർ കൊല്ലപ്പെടുന്നത് തുടർ കഥയാകുന്നു


## യുവ സുവിശേഷ ദമ്പതികൾ ഹെയ്ത്തിയിൽ കൊല്ലപ്പെട്ടു



**പോർട്ട് ഓ പ്രിൻസ്:** ഹെയ്തിയിലെ യുവ സുവിശേഷ പ്രവർത്തകരായ നത്താലിയും ഭർത്താവ് ഡേവിഡും സുവിശേഷ വിരോധികളുടെ ആക്രമത്തെ തുടർന്ന് കൊല്ലപ്പെട്ടു. അമേരിക്കൻ സെനറ്റിലെ മിസ്സോറി സംസ്ഥാനത്തിലെ പ്രതിനിധി ബെൻ ബെക്കറിന്റെയും ലോയ്ഡ് ബെൻ ബെക്കറിന്റെയും മകൾ നത്താലി ഹെയ്ത്തിയിൽ മിഷനറി പ്രവർത്തനം ചെയ്ത് വരികയായിരുന്ന. “എന്റെ ഹൃദയം ആയിരം കഷണളായി തകർന്നിരിക്കുന്നു. ഇത്തരമൊരു വേദന ഞാൻ ഒരിക്കലും അനുഭവിച്ചിട്ടില്ല. എന്റെ മകളും മരുമകൻ ഡേവിയും നത്താലി ലോയിഡും ഹെയ്തിയിൽ മുഴുവൻ സമയ മിഷനറിമാരാണെന്ന് നിങ്ങളിൽ മിക്കവർക്കും അറിയാം. ഇന്ന് വൈകുന്നേരമാണ് ഇവരെ സംഘം ചേർന്ന് ആക്രമിക്കുകയും ഇരുവരും കൊല്ലപ്പെടുകയും ചെയ്തത്. ദയവായി എന്റെ കുടുംബത്തിന് വേണ്ടി പ്രാർത്ഥിക്കുക, ഞങ്ങൾക്ക് ശക്തി ആവശ്യമാണ്. ഒപ്പം ലോയ്ഡ് കുടുംബത്തിനും വേണ്ടി പ്രാർത്ഥിക്കുക. എനിക്ക് ഇപ്പോൾ വേറെ വാക്കുകളില്ല.” ബെൻ ബെക്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു.

മെയ് 23 നു വ്യാഴാഴ്ച രാത്രിയായിരുന്നു സംഭവം. വടക്കൻ പോർട്ട് ഓപ്രിൻസിലെ ലിസോണിലെ കമ്മ്യൂണിറ്റിയിൽ വ്യാഴാഴ്ച വൈകുന്നേരമാണ് ആക്രമണമുണ്ടായതെന്ന് ഹെയ്തിയൻ പോലീസ് യൂണിയൻ തലവൻ ലയണൽ ലസാരെ പറഞ്ഞു. മിഷൻ ഹെയ്തി എന്ന സന്നദ്ധ സംഘടനയുടെ ഡയറക്ടറും ഹെയ്തി പൗരനുമായ ജൂഡ് മോണ്ടിസും കൊല്ലപ്പെട്ടു.

മൂന്നു ട്രക്കുകളിലെത്തിയ ഗുണ്ടകളാണ് അക്രമം നടത്തിയത്. ഇതിനിടെ പുറത്തു നിന്നെത്തിയ മറ്റൊരു ഗുണ്ടാസംഘവും ആക്രമണത്തിൽ പങ്കുചേർന്നു. ഡേവിയെ ഇവരുടെ വീടിനുള്ളിലേക്കു കൊണ്ടു പോയി കെട്ടിയിട്ടു മർദ്ദിക്കുകയായിരുന്നുവെന്നും തുടർന്ന് ദമ്പതികളെ വെടിവച്ചു കൊല്ലുകയായിരുന്നു വെന്നും പ്രാദേശിക വൃത്തങ്ങളുടെ റിപ്പോർട്ടിൽ പറയുന്നു. രണ്ട് മൃതദേഹങ്ങൾ കത്തിക്കാൻ ശ്രമിച്ചതായും ‘ദ വാൾ സ്ട്രീറ്റ് ജേർണൽ’ റിപ്പോർട്ട് ചെയ്യുന്നു. 2022 ജൂണിൽ വിവാഹത്തിന് തൊട്ടു പിന്നാലെ ദമ്പതികൾ സന്നദ്ധ സേവനത്തിനും മിഷനറി പ്രവർത്തനത്തിനുമായി ഹെയ്തിയിലേക്ക് യാത്ര തിരിക്കുകയായിരുന്നു.





## വൈ. എം. ഇ. എഫ്. യൂത്ത് ക്യാമ്പ് കട്ടപ്പനയിൽ

**കട്ടപ്പന:** വൈ. എം. ഇ. എഫ്. യൂത്ത് ക്യാമ്പ് സെപ്റ്റംബറിൽ സിയോൻ പബ്ലിക് സ്കൂൾ കാഞ്ചിയാർ കട്ടപ്പനയിൽ വെച്ച് നടക്കും. വ്യത്യസ്തരായിക്കാൻ ധൈര്യം കാണിക്കുക എന്നതാണ് തീം. ക്യാമ്പ് ലീഡേഴ്സ് ബ്രദർ. ചാണ്ടപ്പിള്ള ഫിലിപ്പ്, ബ്രദർ. തോംസൺ ബി തോമസ്, ബ്രദർ. സുഭാഷ് തങ്കച്ചൻ, ബ്രദർ. പ്രമോദ് തോമസ്, ബ്രദർ. ബിനു സാമുവൽ, ബ്രദർ. ജി ധർമ്മരാജ്, ബ്രദർ. ബെൻ തോമസ്, ബ്രദർ. ഷൈൻ പി അസി ബ്രദർ. ഗർഷോം എന്നിവരാണ്.

## സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫറൻസ് അനുഗ്രഹീതമായ സമാപനം

**ഡെന്റൺ:** ജൂൺ 14, 15, & 16 തീയതികളിലായി ഈ വർഷത്തെ സൗത്ത് വെസ്റ്റ് കോൺഫറൻസ് നടന്നു. ജൂൺ 14 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഒന്നാം പ്ലീനറി സെഷനോടുകൂടെ കോൺഫറൻസ് ക്യാമ്പ് കോപാസ് (8200 ഇ മക്കിന്നി സെന്റ് ഡെന്റൺ TX 76208) ൽ ആരംഭിച്ചു “ക്രിസ്തുവിന്റെ വിളി എത്ര മധുരമേറിയത്)” എന്നതായിരുന്നു തീം. (യോഹന്നാൻ 10:27)- എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു, ഞാൻ അവയെ അറിയുകയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു എന്നതായിരുന്നു തീം വാക്യം. ഇവാ. റോയ് മാത്യു, ബ്രദർ തോമസ് സ്കെതെലിച്, ബ്രദർ ഗ്രേസൻ ജോർജ്ജ്, ബ്രദർ ജെറി മോഡിയിൽ എന്നിവരാണ് കോൺഫറൻസിൽ ക്ലാസ്സുകൾ നയിച്ചത്. സൗത്ത് വെസ്റ്റ് ബ്രദറൺ സഭകളുടെ വളരെ പ്രമുഖമായ ഈ കോൺഫറൻസ് വ്യത്യസ്തത പുലർത്തുന്നതാണ്. സമകാലീക ചർച്ചകൾ, പരിചയസമ്പന്നരാൽ നയിക്കപ്പെടുന്ന സെമിനാറുകൾ, യുവജനങ്ങൾക്കായും കുട്ടികൾക്കുമായി പ്രത്യേകം സെഷനുകൾ, ആത്മീയ ഉണർവിനായി സംഗീത പരിപാടികൾ, വ്യക്തിഗത പ്രതിഭകളെ കണ്ടെത്താനും അവരെ പ്രോത്സാഹിപ്പിക്കാനുമുള്ള അവസരങ്ങൾ അറിവു പകരുന്ന വിവിധ ക്ലാസ്സുകൾ, ചോദ്യോത്തര വേളകൾ, കൂട്ടായ്മയ്ക്കായുള്ള പ്രത്യേക സമയം എന്നിവ കോൺഫറൻസിൽ ഉൾപ്പെടുത്തിയിരുന്നു.




Printed & Published by SAM.C.VADAVANA and Owned by CHACKO VARGHESE VADAVANA and Printed at Sathyam Press, Manackachira, Thottabhagom.P.O., Thiruvalla , District Pathanamthitta, Kerala and published at Thottabhagom, Thiruvalla, Yesvinte Jeevavachanam,Thottabhagom P.O.,Thiruvalla-689541, District-Pathanamthitta, Kerala.
Editor: DR..CHACKO VARGHESE VADAVANA.